2025JANUARY
08
WEDNESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# നേപ്പാൾ ടിബറ്റ് അതിർത്തിയിൽ ഭൂചലനം; 126 മരണം

**കാഠ്മണ്ഡു:** നേപ്പാൾടിബറ്റ് അതിർത്തിയിലുണ്ടായ ഭൂചലനത്തിൽ 126 മരണം. 188 പേർക്ക് പരിക്കേറ്റിട്ടുണ്ടെന്ന് റിപ്പോർട്ട്. റിക്ടർ സ്കെയിലിൽ 7.1 തീവ്രത രേഖപ്പെടുത്തിയ വൻ ഭൂചലനത്തിൽ ഒട്ടേറെ കെട്ടിടങ്ങൾക്കു നാശമുണ്ടായി. കെട്ടിടാവശിഷ്ടങ്ങളിൽ കുടുങ്ങിയവരെ രക്ഷിക്കാനുള്ള ശ്രമങ്ങൾ പുരോഗമിക്കുകയാണ്. മരണസംഖ്യ ഉയരുമെന്നാണ് റിപ്പോർട്ടുകൾ. ഭൂചലന ദൃശ്യങ്ങൾ സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ട്.



നേപ്പാൾടിബറ്റ് അതിർത്തിയിൽ ലൊബുചെയിൽ നിന്ന് 93 കിലോമീറ്റർ വടക്കുകിഴക്കാണ് ഭൂചലനത്തിന്റെ പ്രഭവ കേന്ദ്രം. രാവിലെ ആറരയോടെയായിരുന്നു ഭൂചലനമെന്ന് ജിയോളജിക്കൽ സർവേ അറിയിച്ചു. ദൽഹി, ബിഹാർ, ആസാം, ഭാരതത്തിന്റെ വടക്കൻ ഭാഗങ്ങൾ എന്നിവിടങ്ങളിൽ പ്രകമ്പനമുണ്ടായി. 6.8 തീവ്രതയിലായിരുന്നു പ്രകമ്പനങ്ങൾ. പിന്നീട് രണ്ടു തുടർചലനങ്ങളുണ്ടായി. സിസാങ് പ്രദേശത്ത് 4.7, 4.9 തീവ്രതയുള്ള ചലനങ്ങളാണുണ്ടായത്. ഇതിനു പിന്നാലെയാണ് നേപ്പാളിലെ ഭൂചലനം. ഇനിയും തുടർചലന സാധ്യതയുള്ളതിനാൽ പ്രദേശങ്ങളിൽ നിന്ന് ആളുകളെ ഒഴിപ്പിക്കുകയാണ്. 2015 ഏപ്രിൽ 25ലെ വൻ ഭൂചലനത്തിൽ നേപ്പാളിൽ കനത്ത നാശമുണ്ടായിരുന്നു. അന്ന് 9,000 പേർ മരിച്ചു. 10 ലക്ഷം കെട്ടിടങ്ങൾക്കു നാശവുമുണ്ടായി. ജനം ജാഗ്രത പാലിക്കണമെന്നും സുരക്ഷിത ഇടങ്ങളിലേക്കു മാറണമെന്നും അധികൃതർ നിർദേശിച്ചു.

ദുരന്തത്തിൽ ഭാരതം ദുഃഖം രേഖപ്പെടുത്തി. ഭൂചലനത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബങ്ങൾക്കായും പരിക്കേറ്റവർക്കായും പ്രാർത്ഥിക്കുന്നുവെന്ന് വിദേശകാര്യ മന്ത്രാലയം രൺധിർ ജയ്സ്വാൾ എക്സിൽ കുറിച്ചു.

# കേരളത്തിൽ വന്ദേ ഭാരത് കോച്ചുകൾ വർധിപ്പിക്കുന്നു

**തിരുവനന്തപുരം:** തിരുവനന്തപുരം  കാസർഗോഡ് വന്ദേഭാരത് എക്സ്പ്രസ് ട്രെയ്നിന് വെള്ളിയാഴ്ച മുതൽ 20 റേക്കുകൾ. ഇതിലൂടെ 312 സീറ്റുകൾ കൂടുതലായി ലഭിക്കും. നിലവിൽ 16 കോച്ചുള്ള വന്ദേഭാരതിന് (20634/20633) പകരമാണ് ഈ പുതിയ ട്രെയ്ൻ.

20 കോച്ചുകളുള്ള വന്ദേഭാരത് അടുത്തിടെ റെയിൽവേ അവതരിപ്പിച്ചപ്പോൾ രണ്ടെണ്ണം ചെന്നൈ ഇൻറഗ്രൽ കോച്ച് ഫാക്റ്ററിയിൽ നിന്ന് പുറത്തിറങ്ങി. അതിലൊന്ന് ദക്ഷിണ മധ്യ റെയിൽവേയ്ക്കും രണ്ടാമത്തേത് ദക്ഷിണ റെയിൽവേയ്ക്കും കൈമാറി. റൂട്ട് നിശ്ചയിക്കാത്തതിനാൽ ദക്ഷിണ റെയിൽവേയുടെ വണ്ടി ചെന്നൈ അമ്പത്തൂരിൽ ഒന്നര മാസം കിടന്നു. അതാണ് കേരളത്തിലേക്കെത്തുന്നത്. ചെന്നൈ സെൻട്രൽ ബേസിൻ ബ്രിഡ്ജിൽ മെക്കാനിക്കൽ എൻജിനിയറിങ് വിഭാഗം പരിശോധന നടത്തി സർട്ടിഫിക്കറ്റ് നൽകി.

16 കോച്ചുള്ള തിരുവനന്തപുരം കാസർകോട് തിരുവനന്തപുരം വന്ദേഭാരതിലെ 1,016 സീറ്റും നിറഞ്ഞാണ് ഓടുന്നത്. 4 കോച്ചുകൾ അധികം വരുമ്പോൾ 312 സീറ്റുകൾ വർധിക്കും.

ആലപ്പുഴ വഴിയുള്ള തിരുവനന്തപുരം മംഗളൂരു വന്ദേഭാരതിൽ 8 കോച്ചുകളാണുള്ളത്. ഇതിനു പകരം 20 കോച്ചുള്ള വണ്ടി രണ്ടാം ഘട്ടത്തിൽ വരും.

കേരളത്തിൽനിന്ന് കൊണ്ടുപോകുന്ന 16 കോച്ചുള്ള വന്ദേഭാരത് ദക്ഷിണ റെയിൽവേയുടെ അധിക വണ്ടിയായി (സ്പെയർ) തത്കാലം ഉപയോഗിക്കും. മൈസൂരു ചെന്നൈ വന്ദേഭാരതിൻറെ ഒരുമാസത്തെ അറ്റകുറ്റപ്പണി ഫെബ്രുവരിയിൽ നടക്കുമ്പോൾ ആ സമയം ഈ വണ്ടി പകരം ഓടിക്കാനാണ് തീരുമാനം. മൂന്നു വർഷത്തിലൊരിക്കലാണ് ഇത്തരം ഷെഡ്യൂൾ വരിക.

# ഡോ. വി. നാരായണൻ ഐ.എസ്.ആർ.ഒ. ചെയർമാൻ



**ന്യൂഡൽഹി:** ഡോ. വി. നാരായണൻ ഐ.എസ്.ആർ.ഒ.യുടെ പുതിയ ചെയർമാനാകും. നിലവിൽ തിരുവനന്തപുരം, വലിയമല ലിക്വിഡ് പ്രൊപ്പൽഷൻ സിസ്റ്റംസ് സെന്റർ ഡയറക്ടറാണ്. ബഹിരാകാശവകുപ്പ് സെക്രട്ടറി, ബഹിരാകാശ കമ്മിഷൻ ചെയർമാൻ എന്നീ ചുമതലകളുമുണ്ടാകും.

രണ്ടുവർഷത്തേക്കാണ് നിയമനം. നാഗർകോവിൽ സ്വദേശിയാണ്. ഡോ. എസ്. സോമനാഥ് സ്ഥാനമൊഴിയുന്ന 14ന് ചുമതലയേൽക്കും. ജി.എസ്.എൽ.വി. മാർക്ക് മൂന്നിന്റെ സി25 ക്രയോജനിക് പ്രോജക്ട് ഡയറക്ടറായിരുന്നു. റോക്കറ്റ്, ബഹിരാകാശ പേടകം എന്നിവയുടെ പ്രൊപ്പൽഷൻ വിദഗ്ധനാണ് അദ്ദേഹം.

# ഡൽഹി തിരഞ്ഞെടുപ്പ് ഫെബ്രുവരി 5ന്, വോട്ടെണ്ണൽ 8ന്

**ന്യൂഡൽഹി:** ഡൽഹിയിലെ 70 നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് ഫെബ്രുവരി 5ന്. ഒറ്റഘട്ടമായാണു വോട്ടെടുപ്പ്. ഫെബ്രുവരി എട്ടിനാണു വോട്ടെണ്ണൽ. നാമനിർദേശപത്രിക നൽകാനുള്ള അവസാന തീയതി ജനുവരി 17. സൂക്ഷ്മപരിശോധന 18നും പത്രിക പിൻവലിക്കാനുള്ള അവസാന തീയതി 20നുമാണ്. മുഖ്യതിരഞ്ഞെടുപ്പ് കമ്മിഷണർ രാജീവ് കുമാറാണു തീയതികൾ പ്രഖ്യാപിച്ചത്.

ഇവിഎം അട്ടിമറി ആരോപണങ്ങൾ കമ്മിഷനെ വേദനിപ്പിച്ചെന്നു മുഖ്യതിരഞ്ഞെടുപ്പ് കമ്മിഷണർ രാജീവ് കുമാർ പറഞ്ഞു. ഇത്തരം ആരോപണങ്ങൾ വോട്ടെണ്ണലിന്റെ വേഗം കുറച്ചു. ചോദ്യം ചെയ്യാനുള്ള അവകാശം അടിസ്ഥാനരഹിത പ്രചാരണം നടത്താനുള്ള അവകാശമല്ല. എല്ലാ ആരോപണങ്ങൾക്കും മറുപടിയുണ്ട്. എല്ലാ തിരഞ്ഞെടുപ്പുകളും സുതാര്യമാണ്. വോട്ടർമാർ നല്ല ധാരണയുള്ളവരാണ്. വോട്ടിങ് മെഷീനിൽ ഉൾപ്പെടെ അട്ടിമറി സാധ്യമല്ല. കഴിഞ്ഞ തിരഞ്ഞെടുപ്പുകളിൽ വന്ന ഫലങ്ങൾ വ്യത്യസ്തമാണ്.

ഏഴാം ഡൽഹി നിയമസഭയുടെ കാലാവധി ഫെബ്രുവരി 15ന് അവസാനിക്കും. തുടർച്ചയായി മൂന്നാം വട്ടവും അധികാരത്തിലേറാൻ ശ്രമിക്കുകയാണ് എഎപി (ആം ആദ്മി പാർട്ടി). ലോക്സഭാ തിരഞ്ഞെടുപ്പിൽ ഇന്ത്യാ സഖ്യത്തിന്റെ ഭാഗമായിനിന്നു മത്സരിച്ച കോൺഗ്രസും എഎപിയും ഇത്തവണ നേർക്കുനേർ പോരാടുകയാണ്. എങ്ങനെയും ഭരണം പിടിക്കാനുള്ള നീക്കമാണു ബിജെപിയുടേത്.



# തിരുവനന്തപുരം പുസ്തക തലസ്ഥാനമാകണം: മുഖ്യമന്ത്രി

## നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന് തുടക്കം

**തിരുവനന്തപുരം:** കേരളത്തിന്റെ തലസ്ഥാനത്തിന് പുസ്തക തലസ്ഥാനമാകാനുള്ള സർവ യോഗ്യതയുമുണ്ടെന്നും ഇതിനായി യുനെസ്കോയ്ക്ക് നിയമസഭാ സ്പീക്കർ കത്തയയ്ക്കണമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ (കെ എൽ ഐ ബി എഫ് ) മൂന്നാം പതിപ്പ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

കോഴിക്കോട് ലോക സാഹിത്യനഗരി ആയതുപോലെ തിരുവനന്തപുരം യുനെസ്കോയുടെ വേൾഡ് ബുക്ക് ക്യാപിറ്റൽ സ്ഥാനത്തിന് അർഹമാകണം. യുനെസ്കോയ്ക്ക് ഓരോ വർഷവും ഓരോ നഗരത്തെ ലോക പുസ്തക തലസ്ഥാനമായി അംഗീകരിക്കുന്ന ഒരു പദ്ധതിയുണ്ട്. ഇന്ത്യയിലെ ഏതെങ്കിലുമൊരു നഗരത്തിന് യുണൈറ്റഡ് നേഷൻസിന്റെ പുസ്തക തലസ്ഥാനം 'വേൾഡ് ബുക്ക് ക്യാപിറ്റൽ' എന്ന പദവിക്ക് അർഹതയുണ്ടെങ്കിൽ ആദ്യം പരിഗണനയ്ക്ക് വരേണ്ടത് കേരളത്തിന്റെ നഗരങ്ങളാണ്.

യു എൻ രൂപീകൃതമായ 1945ൽ തന്നെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിനു തുടക്കം കുറിച്ചവരാണ് നമ്മൾ. എം പി പോൾ എസ് പി സി എസ് രജിസ്റ്റർ ചെയ്യുന്നതും അന്നാണ്. നാഷണൽ ബുക് സ്റ്റാൾ തുറക്കുന്നതും അന്നാണ്. യു എന്നിന്റെ സമാരംഭത്തിൽ അക്ഷരവുമായി ബന്ധപ്പെട്ട ഒട്ടനവധി പ്രസ്ഥാനങ്ങൾ ആഘോഷപൂർവ്വം ആരംഭിച്ച ഈ കേരളത്തിന്റെ തലസ്ഥാനത്തിനു തന്നെയാണ് യുനെസ്കോയുടെ വേൾഡ് ബുക്ക് ക്യാപിറ്റൽ പദവി കിട്ടേണ്ടത്. അത് നേടിയെടുക്കുമെന്ന പ്രതിജ്ഞയോടെയാവണം ഈ അക്ഷരോത്സവത്തിന്റെ സമാരംഭം. പുസ്തകോത്സവ തലസ്ഥാനമാകാനുള്ള സർവയോഗ്യതയുമുള്ള തിരുവനന്തപുരം ലോക സാഹിത്യ ഉത്സവ ഭൂപടത്തിൽ അടയാളപ്പെടണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

പ്രൊഫ. ജോസഫ് മുണ്ടശ്ശേരി, തോപ്പിൽ ഭാസി, മുതൽ പ്രൊഫ. എം കെ സാനുവും കവി കടമ്മനിട്ട രാമകൃഷ്ണനും വരെ നിരവധി സാഹിത്യപ്രതിഭകൾ നിയമസഭയിൽ അംഗങ്ങളായിരുന്നിട്ടുണ്ട്. സഭയിൽ അംഗങ്ങളായിരുന്ന ഇ എം എസ്, അച്യുതമേനോൻ, പി ഗോവിന്ദപ്പിള്ള തുടങ്ങി ധാരാളം പ്രമുഖർ സാഹിത്യരംഗത്തുകൂടി സംഭാവനകൾ ചെയ്തവരാണ്. അതിനാൽ നിയമസഭാ പുസ്തകോത്സവത്തിന് പ്രത്യേകമായ ഔചിത്യ ഭംഗിയുണ്ട്. വായന മരിക്കുന്നു എന്നു ലോകത്തിന്റെ പല ഭാഗങ്ങളിലും പലരും പറഞ്ഞുകൊണ്ടിരുന്ന വേളയിൽ പോലും വായന തളിർക്കുന്ന അനുഭവം നിലനിന്ന നാടാണിത്. ബീഡി തെറുത്തുകൊണ്ടിരിക്കുമ്പോൾ പോലും പുസ്തകങ്ങൾ വായിച്ചു കേട്ടിരുന്നവരുടെ പൈതൃകമുണ്ട് നമുക്ക്.

സാംസ്കാരിക മേഖലയിലെ അധിനിവേശങ്ങൾക്കും അരാജകചിന്തകൾക്കുമെതിരായ ചെറുത്തു നിൽപ്പാണ് കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവമെന്ന് അദ്ധ്യക്ഷനായിരുന്ന സ്പീക്കർ എ എൻ ഷംസീർ പറഞ്ഞു. ആധുനിക ഇന്ത്യയിൽ മതേതരത്വം ചോദ്യം ചെയ്യപ്പെടുകയും വർഗീയത ശക്തിപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടക്കുകയും ചെയ്യുന്നു. സാംസ്കാരിക മേഖലയിലെ എല്ലാ തെറ്റായ പ്രവണതകൾക്കുമെതിരായ ചെറുത്തുനിൽപ്പാണ് പുസ്തകോത്സവം. നിർമിത ബുദ്ധിയുടെ കാലത്ത് ഏകാഗ്രത കുറഞ്ഞുവരുന്നുണ്ട്. സങ്കൽപങ്ങളുടെ അന്ത്യം എന്നാണ് ഈ കാലഘട്ടത്തെ വിശേഷിപ്പിക്കാനാവുക. ഡിജിറ്റൽ ഇടപെടലുകളും സമൂഹമാധ്യമങ്ങളും വായനയെ സ്വാധീനിക്കുന്നു. ഏകാഗ്രതയുടെ ദൈർഘ്യം കുറയുന്ന ഈ കാലത്ത് വായനയെ എങ്ങനെ തിരിച്ചുപിടിക്കാം എന്നു കൂടി കെ എൽ ഐ ബി എഫ് അന്വേഷിക്കുന്നുണ്ടെന്നും സ്പീക്കർ പറഞ്ഞു.

സംസ്കാര ഭാഷാ വൈവിധ്യങ്ങളെ ഉൾക്കൊള്ളുന്നതിൽ രാജ്യത്തിന് മാതൃകയായ കേരളം അറിവിന്റേയും പുരോഗതിയുടേയും അഗോളമുദ്രയാണെന്ന് മുഖ്യാതിഥിയായിരുന്ന കർണാടക സ്പീക്കർ യു. ടി ഖാദർ ഫരീദ് പറഞ്ഞു. വിദ്യാഭ്യാസത്തേയും സാഹിത്യത്തേയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള കേരള നിയമസഭയുടെ ദീർഘവീക്ഷണത്തോടെയുള്ള ദൗത്യമാണ് പുസ്തകോത്സവം. ഇതിന്റെ ഊർജം ഉൾക്കൊണ്ട് കർണാടകയിലും പുസ്തകോത്സവം സംഘടിപ്പിക്കുന്നതിനുള്ള പിന്തുണയും അദ്ദേഹം തേടി.

ലഭിച്ച പുരസ്കാരങ്ങളിൽ താൻ ഏറ്റവും വിലമതിക്കുന്നത് നിയമസഭാ പുരസ്കാരമെന്ന് മറുപടി പ്രസംഗത്തിൽ എം മുകുന്ദൻ പറഞ്ഞു. മൂന്നരക്കോടി ജനങ്ങൾ നീതിക്കും തുല്യതയ്ക്കും വേണ്ടി ഉറ്റുനോക്കുന്ന മഹനീയമായ നിയമസഭയിൽ നിന്നും പുരസ്കാരം ലഭിച്ച നിമിഷം എന്നെന്നും ഓർമിക്കും. അറുപതോളം വർഷത്തോളം എഴുതിയതിനാണ് തനിക്ക് വാർദ്ധക്യം ബാധിച്ചത്. എഴുത്തുയാത്ര എളുപ്പമായിരുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. ഭൂപരിഷ്കരണ നിയമത്തിലൂടേയും വിദ്യാഭ്യാസ ബില്ലിലൂടേയും മുന്നേറിയ കേരളം ആധുനിക നിർമിതിയിലേക്കുള്ള പ്രയാണം തുടരേണ്ടതുണ്ട്. വർഗീയതയും ഫാസിസവും ഈ പുണ്യഭൂമിയിലേക്ക് കടക്കാൻ അനുവദിക്കരുത്. എഴുത്തുകാരും സർക്കാരും ജനനന്മക്കായി ഒന്നിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

പുസ്തകോത്സവത്തിന്റെ രണ്ടാം പതിപ്പിന്റെ സ്മരണിക പ്രശസ്ത സാഹിത്യകാരൻ ദേവ്ദത്ത് പട്നായിക്ക് പ്രകാശനം ചെയ്തു. ഡോ.മൻമോഹൻ സിംഗിനും എം ടി വാസുദേവൻ നായർക്കും അനുശോചനം അർപ്പിച്ച് ആരംഭിച്ച ഉദ്ഘാടന ചടങ്ങിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ സ്വാഗതം ആശംസിച്ചു. മന്ത്രിമാരായ കെ ബി ഗണേഷ് കുമാർ, ജി ആർ അനിൽ, ചീഫ് വിപ്പ് ഡോ എൻ ജയരാജ്, ജില്ലാ കളക്ടർ അനുകുമാരി എന്നിവർ ആശംസകൾ അർപ്പിച്ചു. നിയമസഭ സെക്രട്ടറി ഡോ എൻ കൃഷ്ണകുമാർ നന്ദി പറഞ്ഞു.

# സംരംഭക വികസനത്തിന്റെ പുതിയ സാധ്യതകൾ കണ്ടെത്തണം: മന്ത്രി കെ. രാജൻ

**കൊച്ചി:** സംരംഭക വികസനത്തിന്റെ പുതിയ സാധ്യതകൾ കണ്ടെത്താൻ എല്ലാവരും തയ്യാറാകണമെന്ന് മന്ത്രി കെ രാജൻ. പറവൂർ ബ്ലോക്ക് പഞ്ചായത്തിൽ ആരംഭിച്ച പടവ് സ്റ്റാർട്ട് അപ്പ് സെന്റർ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ സ്റ്റാർട്ടപ്പ് സെന്റർ ആരംഭിച്ച പറവൂർ മാതൃകയായിരിക്കുകയാണ്. ശമ്പളം വാങ്ങുന്ന ജോലിക്ക് പകരം സ്വന്തം സംരംഭങ്ങൾ ആരംഭിച്ച് വലിയ വിജയം നേടി മുന്നേറാൻ കഴിയുന്ന സാഹചര്യമാണ് ഇന്നുള്ളത്. സംരംഭക വർഷം പദ്ധതിയുടെ ഒരു വർഷം ഒരു ലക്ഷത്തിലധികം സംരംഭങ്ങൾക്ക് തുടക്കമായി. തൊഴിൽ രംഗത്തും സാമ്പത്തിക രംഗത്തും വലിയ മാറ്റമാണ് സംരംഭക വർഷം പദ്ധതി സൃഷ്ടിച്ചത്. തൊഴിൽ സർക്കാരിന് മാത്രം നൽകാൻ കഴിയുന്നതല്ല. അഭ്യസ്തവിദ്യയുടെ എണ്ണം വർദ്ധിക്കുകയാണ്. സംരംഭങ്ങളുടെ സാധ്യതകളിലൂടെ പുതിയ തൊഴിലുകൾ കണ്ടെത്താൻ കഴിയണം.

തളിര് പദ്ധതി പ്രകാരമുള്ള ബയോബിന്നുകളുടെ വിതരണം കോട്ടുവള്ളി ഗവൺമെൻറ് യുപി സ്കൂൾ പ്രധാനാധ്യാപിക ചിത്ര പ്രഭയ്ക്ക് നൽകി മന്ത്രി നിർവഹിച്ചു. കോട്ടുവള്ളി, ചേന്ദമംഗലം ഗ്രാമപഞ്ചായത്തുകളിലെ ഹരിത കർമ്മ സേനാംഗങ്ങളെ മന്ത്രി ആദരിച്ചു. മാലിന്യമുക്തം നവകേരളം പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ഹരിത സ്ഥാപനങ്ങൾക്കുള്ള സർട്ടിഫിക്കറ്റുകളും മന്ത്രി വിതരണം ചെയ്തു.

പടവ് സ്റ്റാറ്റസ് സെന്ററിന് എല്ലാവിധ ആശംസകളും ചടങ്ങിൽ അധ്യക്ഷത വഹിച്ച നിയമസഭ പ്രതിപക്ഷ നേതാവ് വി ഡി സതീശൻ നേർന്നു.

ജില്ലാ പഞ്ചായത്ത് അംഗം എ എസ് അനിൽകുമാർ, പറവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കമല സദാനന്ദൻ, വൈസ് പ്രസിഡന്റ് കെ എസ് സനീഷ്, പഞ്ചായത്ത് പ്രസിഡന്റുമാരായ കെ എസ് ഷാജി, രശ്മി അനിൽകുമാർ, എം എസ് രതീഷ്, ചാന്ദിനി ഗോപകുമാർ, സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാരായ ഗാന അനൂപ്, ബാബുതമ്പുരാട്ടി, ബബിത ദിലീപ് കുമാർ, പഞ്ചായത്ത് അംഗങ്ങളായ സജിന സൈമൺ നിതാ സ്റ്റാലിൻ മണി ടീച്ചർ സിംന സന്തോഷ് ആൻറണി കോട്ടക്കൽ ജെൻസി തോമസ് എ കെ മുരളീധരൻ, പറവൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പി. വി പ്രതീക്ഷ തുടങ്ങിയവർ പങ്കെടുത്തു.

മാലിന്യ സംസ്കരണത്തിനായുള്ള എക്കോ മേറ്റ് എന്ന സ്റ്റാർട്ടപ്പ് സംരംഭമാണ് സ്റ്റാർട്ട് അപ്പ് സെന്ററിൽ ആരംഭിക്കുന്നത്. ഹരിത കർമ്മ സേനയിൽ നിന്ന് ശേഖരിക്കുന്ന മാലിന്യങ്ങൾ സംസ്കരിച്ച് പുനചംക്രമണം ചെയ്യുന്ന പ്രവർത്തനമാണ് കമ്പനി ചെയ്യുന്നത്. സുനിൽ വാസുദേവ്, സുബിൻ ബേബി, എം.കെ. ഷാഹിദ്, നസീർ തുടങ്ങിയവരാണ് സ്റ്റാർട്ട് അപ്പിന് പിന്നിൽ.

## കാർഷിക യന്ത്രോപകരണങ്ങൾക്കുള്ള ഓൺലൈൻ അപേക്ഷ

**തിരുവനന്തപുരം:** കാർഷിക മേഖലയിൽ ചെലവ് കുറഞ്ഞ രീതിയിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന സബ് മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (എസ്.എം.എ.എം) പദ്ധതിയിൽ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും സബ്സിഡിയോടെ നൽകി വരുന്നു. വ്യക്തിഗത ഗുണഭോക്താക്കൾക്ക് 40% മുതൽ 60% വരെയും കർഷകരുടെ കൂട്ടായ്മകൾ, എസ്എച്ച്ജികൾ, എഫ്.പി.ഒകൾ, വ്യക്തികൾ, പഞ്ചായത്തുകൾ തുടങ്ങിയവയ്ക്ക് കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പദ്ധതി തുകയുടെ 40 ശതമാനം സാമ്പത്തിക സഹായവും യന്ത്രവൽക്കരണ തോത് കുറവായ പ്രദേശങ്ങളിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് ഫാം മെഷിനറി ബാങ്കുകൾ സ്ഥാപിക്കുന്നതിന് കർഷക ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപയുടെ പദ്ധതിക്ക് പരമാവധി 80 ശതമാനം എന്ന നിരക്കിൽ 8 ലക്ഷം രൂപയും സാമ്പത്തിക സഹായം അനുവദിക്കും. അപേക്ഷകൾ ഓൺലൈനായി ജനുവരി 15 മുതൽ http://agrimachinery.nic.in/index വെബ്സൈറ്റ് മുഖേന നൽകണം.

പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുന്നതിനുള്ള സഹായങ്ങൾക്കും ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനീയറുടെ കാര്യാലയം, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടിവ് എൻജിനീയറുടെ കാര്യാലയം, കൃഷിഭവൻ എന്നിവിടങ്ങളിൽ ബന്ധപ്പെടാം. ഫോൺ: 04712306748, 04772266084, 04952725354. ഇമെയിൽ: smamkerala@gmail.com.

## നൈപുണ്യ പരിശീലനദാതാക്കളുടെ സമ്മേളനം നാളെ

**തൊടുപുഴ:** ജില്ലാ ഭരണകൂടം, ജില്ലാ നൈപുണ്യസമിതി, സംസ്ഥാന നൈപുണ്യവികസന മിഷൻ എന്നിവർ സംയുക്തമായി ജനുവരി9ന് നൈപുണ്യ പരിശീലന ദാതാക്കളുടെ സമ്മേളനം നടത്തുന്നു. തൊടുപുഴ സിനമൺ കൗണ്ടി റെസിഡൻസിയിൽ നടക്കുന്ന പരിപാടി രാവിലെ 9 ന് ജലവിഭവവകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്യും.

ജില്ലയിലെ നൈപുണ്യ വികസന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിൽ നൈപുണ്യ പരിശീലന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള ചെറുതും വലുതുമായ എല്ലാ പൊതു സ്വകാര്യ നൈപുണ്യ പരിശീലന സ്ഥാപനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടാണ് സമ്മേളനം നടക്കുക. വികസന പദ്ധതികളുടെ ഭാഗമാകുന്നതിന് നൈപുണ്യ പരിശീലന സ്ഥാപങ്ങൾക്ക് മാർഗ്ഗ നിർദ്ദേശം നൽകുക, വിവിധ കേന്ദ്ര, സംസ്ഥാന പദ്ധതികൾ പരിചയപ്പെടുത്തുക, ജില്ലയിലെ നൈപുണ്യ വികസന പ്രവർത്തനങ്ങളിൽ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക, വ്യവസായ മേഖലയ്ക്ക് ആവശ്യമായ നൈപുണ്യ ക്ഷമതയുള്ള ഉദ്യോഗാർത്ഥികളെ ലഭ്യമാക്കുക എന്നിവ പരിപാടിയുടെ ലക്ഷ്യമാണ്.

പങ്കെടുക്കാൻ താൽപര്യമുള്ള പരിശീലന സ്ഥാപനങ്ങൾക്ക് ജനുവരി 7 വരെ രജിസ്ട്രേഷൻ നടത്താം. ചുവടെ ചേർത്തിരിക്കുന്ന ഗൂഗിൾ ഫോം ലിങ്ക് വഴി രജിസ്ട്രേഷൻ നടത്താവുന്നതാണ്. https://forms.zohopublic.in/exesckase/form/REGISTRATIONFORM06/formperma/RglvufYR2giCde3Wx15ZgB_ctRgYas-0Bd66lFKzh6U .കൂടുതൽ വിവരങ്ങൾക്ക് 7306593243.

## പാർട് ടൈം ഹൈസ്കൂൾ ടീച്ചർ: പി.എസ്.സി. അഭിമുഖം

**കോട്ടയം:** ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ പാർട് ടൈം ഹൈസ്കൂൾ ടീച്ചർ (മലയാളംകാറ്റഗറി നമ്പർ 444/2023) തസ്തികയിലേയ്ക്ക് ഒക്ടോബർ 10 ന് പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട യോഗ്യരായ ഉദ്യോഗാർഥികൾക്കുള്ള അഭിമുഖം കേരള പബ്ലിക് സർവീസ് കമ്മീഷന്റെ കോട്ടയം, എറണാകുളം ജില്ലാ ഓഫീസുകളിൽ യഥാക്രമം ജനുവരി 10, 17 തീയതികളിൽ നടത്തും. ഇതു സംബന്ധിച്ച് ഉദ്യോഗാർഥികൾക്ക് ഒ.ടി.ആർ പ്രൊഫൈൽ വഴിയും എസ് എം എസ് മുഖേനയും അറിയിപ്പ് നൽകിയിട്ടുണ്ട്. ഇന്റർവ്യൂ മെമ്മോയിൽ നിർദ്ദേശിച്ച തീയതിയിലും സമയത്തും സ്ഥലത്തും തിരിച്ചറിയൽ, യോഗ്യതകൾ, വെയിറ്റേജ്, കമ്മ്യൂണിറ്റി എന്നിവ തെളിയിക്കുന്ന അസൽ രേഖകൾ, വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് എന്നിവ സഹിതം ഉദ്യോഗാർഥികൾ നേരിട്ട് എത്തണം. അഡ്മിഷൻ ടിക്കറ്റ്, ബയോഡേറ്റ എന്നിവ ഉദ്യോഗാർഥികളുടെ പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുണ്ട്. അത് ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് ഇന്റർവ്യൂ സമയത്ത് നൽകണം. വിശദവിവരത്തിന് ഫോൺ: 04812578278.

## തീയതി നീട്ടി

**കോട്ടയം:** മാനേജ്മെന്റ് ഓഫ് സ്പെസിഫിക് ലേണിങ് ഡിസോഡേഴ്സ് വിഷയത്തിൽ എസ്ആർസി കമ്മ്യൂണിറ്റി കോളജ് നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സിന് ജനുവരി 31 വരെ അപേക്ഷിക്കാം. ആറു മാസം ദൈർഘ്യമുള്ള വിദൂര വിദ്യാഭ്യാസകോഴ്സാണിത്. യോഗ്യത: പന്ത്രണ്ടാം ക്ലാസ്. സ്കൂൾ അധ്യാപകർ, സ്പെഷൽ എഡ്യുക്കേറ്റർമാർ, സൈക്കോളജിസ്റ്റ്, എഡ്യുക്കേഷണൽ തെറാപ്പിസ്റ്റ് എന്നിവർക്ക് മുൻഗണന. https://apps.rccc.in/register എന്ന ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരം wwws.rccc.in എന്ന വെബ് സൈറ്റിൽ ലഭിക്കും. ജില്ലയിലെ പഠനകേന്ദ്രം: സൈലേൺ, പള്ളിപ്പുറത്തുകുന്നേൽ, മാഞ്ഞൂർ പി.ഒ, കുറുപ്പന്തറ, കോട്ടയം 686603. ഫോൺ: 9995113019, 9961613331.




കൊച്ചിയിൽ നടക്കുന്ന അസോസിയേഷൻ ഓഫ് ഓട്ടോലാരിംഗോളജിസ്റ്റ് ഓഫ് ഇന്ത്യ (എഒഐ)യുടെ 76ാമത് ദേശീയ സമ്മേളനം ' എഒഐകോൺ 2025 ' സംഘാടക സമിതി കലൂർ ഐ.എം.എ ഹൗസിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ സംഘാടക സമിതി ചെയർമാൻ ഡോ. മാത്യു ഡൊമിനിക് സംസാരിക്കുന്നു. ഡോ. കെ.ജി സജു, ഡോ. പ്രവീൺ ഗോപിനാഥ്, ഡോ. വി.മുഹമ്മദ് നൗഷാദ് സമീപം

# എഒഐകോൺ 2025

# ദേശീയ സമ്മേളനം ജനുവരി ഒമ്പത് മുതൽ 12 വരെ കൊച്ചിയിൽ

**കൊച്ചി:** ഇഎൻടി ശസ്ത്രക്രിയ വിദഗ്ദരുടെ സംഘടനയായ അസോസിയേഷൻ ഓഫ് ഓട്ടോലാരിംഗോളജിസ്റ്റ് ഓഫ് ഇന്ത്യ (എഒഐ)യുടെ 76ാമത് ദേശീയ സമ്മേളനം ' എഒഐകോൺ 2025 '(അഠരകഇഛചഇച2025) ജനുവരി ഒമ്പത് മുതൽ 12 വരെ ലെമറിഡിയൻ ഹോട്ടലിൽ നടക്കുമെന്ന് ഓർഗനൈസിംഗ് കമ്മിറ്റി ചെയർമാൻ ഡോ. മാത്യു ഡൊമിനിക്, വൈസ് ചെയർമാൻ ഡോ. വി.മുഹമ്മദ് നൗഷാദ്, സെക്രട്ടറി ഡോ. പ്രവീൺ ഗോപിനാഥ്, ട്രഷറർ ഡോ. കെ.ജി സജു, എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. കാൽ നൂറ്റാണ്ടിനു ശേഷമാണ് എഒഐ ദേശീയ സമ്മേളനത്തിന് കൊച്ചി വീണ്ടും വേദിയാകുന്നത്. 'എഒഐകോൺ 2025'ന്റെ ഔദ്യോഗിക ഉദ്ഘാടനം 10ന് (ജനുവരി 10, വെള്ളി) വൈകിട്ട് 5.30ന് കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് എ.കെ ജയശങ്കരൻ നമ്പ്യാർ നിർവ്വഹിക്കും. ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ. ജേക്കബ് എബ്രഹാം മുഖ്യ അതിഥിയായിരിക്കും.നാല് ദിവസങ്ങളിലായി നടക്കുന്ന സമ്മേളനത്തിൽ ഇന്ത്യയിൽ നിന്നും വിദേശത്തുനിന്നുമായി നാലായിരത്തോളം ഡോക്ടർമാർ പങ്കെടുക്കും. ഗൾഫ്, ആഫ്രിക്ക, ശ്രീലങ്ക ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ നിന്നും പ്രതിനിധികൾ എത്തും. അമേരിക്ക, യു.കെ, ജർമ്മനി, ഓസ്ട്രേലിയ,റഷ്യ ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ നിന്ന് 12 ഓളം വിദഗ്ദ ഡോക്ടർമാർ വിവിധ വിഷയങ്ങളിൽ പ്രഭാഷണം നടത്തും. ഇന്ത്യയിൽ നിന്നുള്ള 250 ലധികം വിദഗ്ദർ സമ്മേളനത്തിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കും. 700 ഓളം പ്രബന്ധങ്ങളായിരിക്കും സമ്മേളനത്തിൽ അവതരിപ്പിക്കുക. ഇതിൽ പി ജി വിദ്യാർഥികളുടെ പ്രബന്ധം, വീഡിയോ അവതരണങ്ങൾ ഉണ്ടാകും.

ലെമെറിഡിയനിലെ 11 ഹാളുകളിലായി നടക്കുന്ന സമ്മേളനത്തിൽ ഇഎൻടി ശസ്ത്രക്രിയകളുമായി ബന്ധപ്പെട്ടുള്ള ശിൽപ്പശാലകൾ, പരിശീലനം, പ്രഭാഷണങ്ങൾ, ഇ.എൻ.ടി ചികിൽസാ മേഖലയിൽ രാജ്യത്തും അന്താരാഷ്ട്രതലത്തിലും കൈവരിച്ചിട്ടുള്ള പുരോഗതികൾ, ആധുനിക സാങ്കേതിക വിദ്യകൾ, വെല്ലുവിളികൾ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങളിൽ ക്ലാസുകൾ, പാനൽ ചർച്ചകൾ, പിജി സ്റ്റുൻഡൻസ് പേപ്പർ പ്രസന്റേഷൻ, ഇ.എൻ.ടി ,റൈനോളജി ക്വിസ് ഫൈനൽ മൽസരങ്ങൾ, വീഡിയോ അവാർഡ് സെക്ഷനുകൾ എന്നിവ നടക്കും. സമ്മേളനം പരിസ്ഥിതി സൗഹാർദ്ദപരമാക്കുന്നതിന്റെ ഭാഗമായി സമ്മേളനം പൂർണ്ണമായും പേപ്പർ രഹിതമാണ്. ഗതാഗതമുൾപ്പെടെയുള്ള മുഴുവൻ വിവരങ്ങളും പ്രതിനിധികൾക്ക് ലഭ്യമാക്കാൻ കാർ ഓണർ ആന്റ് കാർട്ട് ഓണർ (കൊകൊ) ആപ്പ് സജ്ജമാക്കിയിട്ടുണ്ട്. ഗതാഗതം, വാഹന പാർക്കിംഗ് എന്നിവയുമായി ബന്ധപ്പെട്ട് സമ്മേളന പ്രതിനിധികൾക്കും നാട്ടുകാർക്കും യാതൊരുബുദ്ധിമുട്ടും നേരിടാതിരിക്കാനുള്ള സംവിധാനങ്ങളാണ് ആപ്പിൽ രൂപകൽപ്പന ചെയ്തിരിക്കുന്നത്. എറണാകുളത്തെയും സമീപ പ്രദേശങ്ങളിലെയും ഹോട്ടലുകളിലാണ് സമ്മേളന പ്രതിനിധികൾക്ക് താമസം ഒരുക്കിയിരിക്കുന്നത്. സമ്മേളന ദിവസങ്ങളിൽ പ്രതിനിധികൾക്കുള്ള വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനായി മരട് നഗരസഭയുടെ നേതൃത്വത്തിൽ പ്രദേശത്തെ ഒഴിഞ്ഞ സ്ഥലങ്ങളിൽ വാഹന പാർക്കിംഗിന് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

കൊച്ചി മെട്രോ റെയിലിന്റെ ഇഓട്ടോ സംവിധാനം വഴിയിയാരിക്കും പ്രതിനിധികളെ സമ്മേളന വേദിയിൽ എത്തിക്കുക. എറണാകുളത്തെ വിവിധ പ്രൊഫഷണൽ കോളജുകളിൽ നിന്നുള്ള വിദ്യാർഥികളാണ് സമ്മേളനത്തിന് വോളന്റിയർമാരാകുന്നത്.ഇവർക്കും സമ്മേളനം ഒരു മികച്ച അനുഭവമാണ് സമ്മാനിക്കുക.

നാലായിരത്തിലധികം ഡോക്ടർമാരും അവരുടെ കുടുംബാംഗങ്ങളും കൊച്ചിയിൽ എത്തുന്നതിലൂടെ കേരളത്തിന്റെ സമ്പത്ത് വ്യവസ്ഥയ്ക്കും ടൂറിസം മേഖലയ്ക്കും വലിയ ഉത്തേജനം ലഭിക്കുമെന്നും രണ്ട് വർഷത്തെ മുന്നൊരുക്കമാണ് സമ്മേളനത്തിനായി നടത്തിയതെന്നും സംഘാടക സമിതി ഭാരവാഹികൾ വ്യക്തമാക്കി.

## ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി ജെൻഡർ ബജറ്റിംഗ് അന്തർദേശീയ ശില്പശാല ഇന്നുമുതൽ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകശാലയിലെ സ്കൂൾ ഓഫ് മാനേജ്മെൻറ് സ്റ്റഡീസിൻറെയും വുമൺസ് സ്റ്റഡീസ് സെൻററിൻറെയും സംയുക്താഭിമുഖ്യത്തിൽ വുമൺസ് സ്റ്റഡീസ് സെൻററിൻറെയും, കോമൺവെൽത്ത് യൂണിവോഴ്സിറ്റികളുടെ ജെൻഡർ ഗ്രാൻറ്സ് 2024 ൻറെ ധനസഹായത്തോടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി 'ജെൻഡർ ബജറ്റിംഗ്' അന്തർദേശീയ ശില്പശാല സംഘടിപ്പിക്കുന്നു. കുസാറ്റിലെ ഐയുസിഐപിആർഎസ് ഹാളിൽ വെച്ച് നടക്കുന്ന ചടങ്ങ് ന്യൂഡൽഹിയിലെ നാഷണൽ സാംപിൾ സർവേ ഓഫീസിലെ (എൻഎസ്എസ്ഒ) ഫീൽഡ് ഓപ്പറേഷൻസ് ഡിവിഷൻ, അഡീഷ്ണൽ ഡയറക്ടർ ജനറൽ (എഡിജി) സുനിത ഭാസ്കർ ഐഎസ്എസ് ഉദ്ഘാടനം ചെയ്യും.

ഉന്നത വിദ്യാഭ്യാസ മേഖലകളിൽ നിലനിൽക്കുന്ന ലിംഗ വ്യത്യാസങ്ങളെക്കുറിച്ച് വിശകലനം ചെയ്യാനും, പെൺകുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസ സാധ്യതകളും, തുല്യതയും, ലിംഗസമത്വവും ഉറപ്പുവരുത്തുന്നതിനുമാണ് ജെൻഡർ ബജറ്റിംഗ്' അന്തർദേശീയ ശില്പശാല സംഘടിപ്പിക്കുന്നത്.

ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്മെന്റ്, ഡെപ്യൂട്ടി ഡയറക്ടർ, ഡോ. വാണിശ്രീ ജോസഫ്, കേരള സ്റ്റേറ്റ് പ്ലാനിങ് ബോർഡ് അംഗം, പ്രൊ. മിനി സുകുമാർ, തിരുവനന്തപുരം സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിലെ ഫെലോ, ഡോ. മൃദുൽ ഈപ്പൻ, യു.എൻ വിമൺ, ഇന്ത്യയിലെ ജെൻഡർ റെസ്പോൺസീവ് ബജറ്റിങ് കോർഡിനേറ്റർറും പ്രോഗ്രാം ലീഡുമായ ഡോ. സങ്കമിത്ര ധർ, ഉത്തരാഖണ്ഡ് മുസ്സൂറി, ലാൽ ബഹാദൂർ ശാസ്ത്രി നാഷണൽ അക്കാദമി ഓഫ് അഡ്മിനിസ്ട്രേഷൻറെ ചീഫ് പ്രോഗ്രാം ഓഫീസർ അഞ്ജലി എസ്. ചൗഹാൻ, സെന്റ് തെരേസാസ് കോളേജ് ഡീൻ (ഇക്കണോമിക്സ്) ഡോ. നിർമല പദ്മനാഭൻ, തൃശ്ശൂരിലെ കേരള ആരോഗ്യശാസ്ത്ര സർവകലാശാലയിലെ ഫിനാൻസ് ഓഫീസർ സുധീർ എം.എസ്. എന്നിവർ ശിൽപ്പശാലയിൽ സംസാരിക്കും

## തേവര എസ്.എച്ച് കോളജിൽ ബിസിനസ് സംവാദം നാളെ

**കൊച്ചി:** തേവര എസ്.എച്ച് കോളജിലെ കൊമേഴ് വിഭാഗം പൂർവ്വ വിദ്യാർത്ഥി സംഘടനയുമായി സഹകരിച്ച് നാളെ (09.01.2025) ഉച്ചയ്ക്ക് ഒന്നര മുതൽ കേരളത്തിലെ പ്രമുഖരായ സംരംഭകരുമായി സംവാദം നടത്തുന്നു. വിദ്യാർത്ഥികളിൽ സംരംഭകത്വ സംസ്കാരം വളർത്തിയെടുക്കുന്നതിന്റെ ഭാഗമായിട്ടാണ് സംവാദം സംഘടിപ്പിച്ചിരിക്കുന്നതെന്ന് ഫാക്കൽറ്റി കോർഡിനേറ്റർ എൽസ ജോർജ് പറഞ്ഞു. സംവാദത്തിൽ സൺറൈസ് ഹോസ്പിറ്റൽ മാനേജിംഗ് ഡയറക്ടർ പർവീൺ ഹഫീസ്, പ്ലാറ്റിനം ലൈറ്റ്സ് സി.ഇ.ഒ. ആർ.യമുന, പൂർവ്വ വിദ്യാർത്ഥിയും സംരംഭകനുമായ ജയറാം സേതുരാമൻ തുടങ്ങിയവർ പങ്കെടുക്കും.

## നിർമലാകോളേജിൽ പൂർവ്വവിദ്യാർഥി സംഗമം

**മൂവാറ്റുപുഴ:** മൂവാറ്റുപുഴ നിർമലാ കോളേജിൽ പൂർവ്വ വിദ്യാർഥി സംഗമം ജനുവരി 11 ശനിയാഴ്ച രാവിലെ 10 മണിക്ക് കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തുന്നു. പൂർവ്വവിദ്യാർഥി പെരുമ്പാവൂർ എം എൽ എ എൽദോസ് പി കുന്നപ്പിള്ളി ചടങ്ങിൽ മുഖ്യാതിഥിയാകും. 50 വർഷം പിന്നിടുന്ന 1975 ൽ പഠനം പൂർത്തിയാക്കിയ വിദ്യാർഥികളെ പ്രത്യേകമായി സംഗമത്തിൽ ആദരിക്കും.

## കുസാറ്റ് വിദ്യാർത്ഥിക്ക് ഡിഎസ്ടി ഇൻസ്പയർ ഫെലോഷിപ്പ് ലഭിച്ചു



**കൊച്ചി:** ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) സ്കൂൾ ഓഫ് മറൈൻ സയൻസസിലെ മറൈൻ ബയോളജി, മൈക്രോബയോളജി, ബയോകെമിസ്ട്രി വകുപ്പിലെ ഗവേഷണ വിദ്യാർത്ഥിയായ റിഥം ഗുഹയ്ക്ക് ഡിഎസ്ടിഇൻസ്പയർ ഫെലോഷിപ്പ് ലഭിച്ചു. മറൈൻ ബയോളജി, മൈക്രോബയോളജി, ബയോകെമിസ്ട്രി വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. പുന്നാടത്ത് പ്രീതം ഇ. യുടെ കീഴിൽ നടത്തിയ 'തിലാപിയ മത്സ്യകൃഷിക്കായി ബാക്ടീരിയയും വൈറസ് രോഗങ്ങളും പ്രതിരോധിക്കുന്നതിന് നവീനമായ ഗ്ലൈകോവാക്സിൻ വിതരണം ചെയ്യുന്ന രീതി വികസിപ്പിക്കുക'എന്ന ഗവേഷണത്തിനാണ് റിഥം ഗുഹയ്ക്ക് ഡിഎസ്ടിഇൻസ്പയർ ഫെലോഷിപ്പ് ലഭിച്ചത്.

## മ്യൂസിക് വർക്ക്ഷോപ്പ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ യുവജനക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ സർവകലാശാല വിദ്യാർത്ഥികൾക്കായി ജനുവരി 17 മുതൽ 19 വരെ 'ദി സൗണ്ട് ഓഫ് മ്യൂസിക്' എന്ന പേരിൽ മ്യൂസിക് വർക്ക്ഷോപ്പ് നടത്തുന്നു. സംഗീത സംവിധായകരായ ബേർണി, ലീല ഗിരീഷ്കുട്ടൻ, വോയിസ് മ്യൂസിക് കോച്ചും കമ്പോസറുമായ ഡോ. ലിജോ ജോസ്, രഞ്ജിത്ത് മേലേപ്പാട്ട്, സൗണ്ട് എഞ്ചിനീയർ ഹരിശങ്കർ വി, പിന്നണി ഗായിക ഇന്ദുലേഖ ജയരാജ്, തിരുവന്തപുരം വിമൻസ് കോളേജ് സംഗീത വിഭാഗം മേധാവി ഡോ. ധനലക്ഷ്മി സി, ക്യാമ്പ് ഡയറക്റ്ററും മ്യൂസിക് അധ്യാപികയുമായ സജ്ന സുധീർ എന്നിവർ വിവിധ സെഷനുകൾ നയിക്കും. വിശദ വിവരങ്ങൾ യുവജനക്ഷേമ വിഭാഗം വെബ്സൈറ്റ് https://welfare.cusat.ac.i ൽ ലഭ്യമാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്കാണ് പ്രവേശനം. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയതി ജനുവരി 13. വിശദ വിവരങ്ങൾക്ക് കോർഡിനേറ്റർ ഡോ. പി.കെ ബേബി, 9447508345 എന്ന നമ്പറിൽ ബന്ധപ്പെടുക.

## വാക് ഇൻ ഇന്റർവ്യൂ

**കൊച്ചി:** ഖരമാലിന്യ സംസ്കരണം, ബയോമെഡിക്കൽ മാലിന്യ സംസ്ക്കരണം എന്നിവയുടെ ഭാഗമായി പരിശോധനകൾ നടത്തുന്നതിന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ എറണാകുളം ജില്ലാ കാര്യാലയം ഒന്നിലേക്ക് ടെക്നിക്കൽ അസിസ്റ്റന്റിനെ നിയോഗിക്കുന്നതിനായി വാക് ഇൻ ഇന്റർവ്യൂ നടത്തുന്നു.നിയമനം നാല് മാസത്തേക്ക്. പ്രായപരിധി 40 വയസ്.ഒഴിവുകളുടെ എണ്ണം മൂന്ന്

വിദ്യാഭ്യാസ യോഗ്യത:അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ബിടെക് ബിരുദം (സിവിൽ എഞ്ചിനീയറിംഗ്/ എൺവയോൺമെന്റൽ എഞ്ചിനീയറിംഗ്/ കെമിക്കൽ എഞ്ചിനീയറിംഗ്)

ഉദ്യോഗാർത്ഥികൾ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റ്, തിരിച്ചറിയൽ രേഖ എന്നിവയുടെ അസ്സൽ, സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ സഹിതം ഒമ്പതിന് രാവിലെ 11 ന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ എറണാകുളം ജില്ലാ കാര്യാലയം ഒന്നിൽ ഹാജരാകണം. ഫോൺ: 04842207783,84,85




എച്ച്.എം.പി.വി വൈറസിൽ ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്ന് അറിയിക്കുന്നതിനായി ഐഎംഎ കൊച്ചിയുടെ നേതൃത്വത്തിൽ കലൂർ ഐ.എം.എ ഹൗസിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ ഐ.എം.എ കൊച്ചി സയിന്റിഫിക് കമ്മിറ്റി ചെയർമാനും മുഖ്യവക്താവുമായ ഡോ. രാജീവ് ജയദേവൻ സംസാരിക്കുന്നു. ഡോ. എം. നാരയണൻ,ഡോ. സച്ചിൻ സുരേഷ്, ഡോ. സച്ചിദാനന്ദ കമ്മത്ത്, ഡോ. ജേക്കബ്ബ് എബ്രഹാം, ഡോ. എം. ഐ ജുനൈദ് റഹ്മാൻ, ഡോ. എം. എം ഹനീഷ്, ഡോ. ബെൻസീർ ഹുസൈൻ എന്നിവർ സമീപം

# എച്ച്.എം.പി.വി വൈറസ് പുതിയതും മാരകവുമല്ല: അനാവശ്യഭീതി പരത്തരുത്: ഐ.എം.എ കൊച്ചി

**കൊച്ചി:** എച്ച്.എം.പി.വി ഒരു പുതിയ വൈറസോ ഇത് മറ്റൊരു മഹാമാരിയോ അല്ലെന്നും ആശങ്കപ്പെടേണ്ട യാതൊരു സാഹചര്യമില്ലെന്നും ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ. ജേക്കബ്ബ് എബ്രഹാം, ഐ.എം.എ കൊച്ചി സയിന്റിഫിക് കമ്മിറ്റി ചെയർമാനും മുഖ്യവക്താവുമായ ഡോ. രാജീവ് ജയദേവൻ, ഡോ. എം. ഐ ജുനൈദ് റഹ്മാൻ, ഐ.എ.പി മുൻ ദേശീയ പ്രസിഡന്റ് ഡോ. സച്ചിദാനന്ദ കമ്മത്ത്, ഐ.എ.പി മുൻ സംസ്ഥാന പ്രസിഡന്റ് ഡോ. എം. നാരയണൻ എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. എച്ച്.എം.പി.വി വൈറസ് കൊവിഡ് 19 ന് സമാനമാണെന്ന രീതിയിലുള്ള പ്രചാരണം അനാവശ്യമാണ്. കൊവിഡിനു മുന്നേ ഈ വൈറസുള്ളതാണ്. ഇത് ചൈനയിൽ നിന്നു വന്നതോ പുതിയ വൈറസോ അല്ല. ഇത്തരത്തിൽ അനാവശ്യമായി ഭീതി പരത്തുന്നത് അവസാനിപ്പിക്കണം. എച്ച്.എം.പി. വി വൈറസ് പതിറ്റാണ്ടുകളായി ഈ ഭൂമുഖത്തുള്ളതും പലപ്പോഴായി എല്ലാവരെയും തന്നെ ബാധിച്ചിട്ടുള്ളതുമാണെന്നും ഡോക്ടർമാർ പറഞ്ഞു. ജലദോഷം പരത്തുന്ന വൈറസുകളുടെ സ്ഥിരം പട്ടികയിൽ വരുന്നതാണ് എച്ച്.എം.പി.വി വൈറസ്. ഇതിനെ പുതിയ വൈറസ് രോഗമായ കൊവിഡുമായി താരതമ്യം ചെയ്യുന്നത് ശരിയല്ല. രണ്ടും രണ്ടാണ്.

കഴിഞ്ഞ വർഷങ്ങളിലും ഇന്ത്യയിൽ പലയിടത്തായി എച്ച്.എം.പി.വി വൈറസ് ബാധിച്ചു സുഖംപ്രാപിച്ച അനവധി കേസുകൾ കണ്ടെത്തിയിട്ടുണ്ടെന്ന് പല ഡോക്ടർമാരും പറഞ്ഞു. ഇൻഫ്ലുവൻസ,എച്ച് വൺ എൻ വൺ, അടക്കമുള്ള വൈറസുകളെ പരിശോധനയിൽ കണ്ടെത്തുന്നതിനൊപ്പം എച്ച്.എം.പി.വി വൈറസും കണ്ടെത്തിയിട്ടുള്ളതാണ്. പുതിയതായി കണ്ടെത്തിയത് എന്നു പറയുന്നതിൽ യാതൊരു അടിസ്ഥാനവുമില്ല. ജലദോഷം ബാധിച്ച എല്ലാവർക്കും ഇത്തരം ചിലവേറിയ പരിശോധനകളുടെ ആവശ്യവുമില്ല. ആസ്മ, ശ്വാസകോശ രോഗങ്ങൾ ഉള്ളവർക്കു മാത്രമായിരിക്കും എച്ച്.എം.പി.വി വൈറസ് അൽപ്പം ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുകയും ചിലപ്പോൾ ആശുപത്രി വാസം വേണ്ടിവരികയും ചെയ്യുക. അല്ലാത്തവരിൽ ഇത് വന്നു പോകുന്നത് പോലും പലപ്പോഴും അറിയില്ല. മുതിർന്നവരിലും കുട്ടികളിലും പലരിലും ഇത് നേരത്തേ വന്നു പോയിട്ടുമുണ്ടാകും.

എച്ച്. എം.പി.വി വൈറസിനെതിരെ നിലവിൽ പ്രത്യേക ആന്റിവൈറൽ മരുന്നുകളോ, വാക്സിനുകളോ നിർദ്ദേശിക്കപ്പെട്ടിട്ടില്ല. അത്രയും ഗുരുതരമല്ലാത്തതിനാലാണ് വാക്സിനിലേക്കൊന്നും പോകാത്തത്. എങ്ങിനെ ചെറുക്കാം? പനിയും ജലദോഷവും ചുമയും ഉള്ളവർ പരമാവധി ആൾക്കൂട്ടങ്ങളിൽ പോകാതിരിക്കുക. വായുസഞ്ചാരമില്ലാത്ത തിരക്കുള്ള ഇടുങ്ങിയ അകത്തളങ്ങളിൽ മാസ്ക് ധരിക്കുക, അനാവശ്യ ആശുപത്രി സന്ദർശനം ഒഴിവാക്കുക, പുറത്തു പോയി വന്നാൽ കൈകൾ കഴുകുക എന്നിവ ഇത്തരം വൈറസുകൾ വരാതിരിക്കാനുള്ള സാർവത്രിക മുൻകരുതലുകളാണ്.

ശൈത്യകാലത്താണ് എച്ച്.എം.പി.വി വൈറസ് ബാധ വർധിക്കുന്നത്. ചൈനയിൽ ഇപ്പോൾ ശൈത്യകാലമാണ്. ജലദോഷം വന്നാൽ പോലും അവിടുള്ളവർ വലിയ ആശുപത്രികളിലാണ് ചികിൽസ തേടുന്നത്. ഒപ്പം നിസ്സാരപ്രശ്നങ്ങൾക്കു പോലും ഐ.വി ഡ്രിപ്പ് ഇടുന്നതും ശീലമാണ്. അതിനാൽ ശൈത്യകാലത്ത് വടക്കൻ ചൈനയിൽ ആശുപത്രികളിൽ വലിയ തിരക്കു പതിവാണ്. ഇതിന്റെയെല്ലാം ദൃശ്യങ്ങളാണ് സമൂഹമാധ്യമങ്ങളിൽ വലിയ തോതിൽ വീണ്ടും മഹാമാരി വരുന്നുവെന്ന തലക്കെട്ടോടു കൂടി അനാവശ്യ ഭീതി പരത്തി പ്രചരിപ്പിക്കുന്നതെന്നും ഇത് കണ്ട് ആരും ഭയചകിതരാകേണ്ടതില്ലെന്നും ഡോക്ടർമാർ പറഞ്ഞു. ഐ.എം.എ കൊച്ചി മുൻ പ്രസിഡന്റ് ഡോ. എം. എം ഹനീഷ്, ഐ.എം.എ കൊച്ചി സെക്രട്ടറി ഡോ. സച്ചിൻ സുരേഷ്, ട്രഷറർ ഡോ. ബെൻസീർ ഹുസൈൻ എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# ഹരിത കുപ്പിവെള്ളത്തിന്റെ വിപണനത്തിന് സംസ്ഥാനം സജ്ജം



**തിരുവനന്തപുരം:** പ്ലാസ്റ്റിക്ക് ബോട്ടിലിന് ബദലായി, ജൈവിക രീതിയിൽ നിർമാർജനം ചെയ്യാൻ സാധിക്കുന്ന ഹരിതകുപ്പികൾ (കംപോസ്റ്റബിൾ ബോട്ടിൽ) വിപണിയിൽ എത്തിക്കാനൊരുങ്ങി സംസ്ഥാനം. ജലസേചന വകുപ്പിനു കീഴിലുള്ള കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപറേഷനാണ് (കെഐഐഡിസി കിഡ്ക്) നിർമാണ ചുമതല. സർക്കാർ പുറത്തിറക്കുന്ന'ഹില്ലി അക്വാ' ബ്രാൻഡിനു കീഴിലാണ് ഹരിതകുപ്പിവെള്ളവും വിപണിയിലെത്തുക. കുപ്പിവെള്ളത്തിന്റെ ഉദ്ഘാടനം ഈ മാസം പകുതിയോടുകൂടി മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ജലസേചന വകുപ്പ് മന്ത്രി റോഷി അഗസ്റ്റിനാണ് പദ്ധതി വിഭാവനം ചെയ്തത്. 2019ൽ മുംബൈയിൽ നടന്ന എക്സിബിഷനിൽ ഗ്രീൻ ബയോ പ്രോഡക്ട്സ് വികസിപ്പിച്ച കംപോസ്റ്റബിൾ ബോട്ടിലിനെക്കുറിച്ചുള്ള വാർത്ത മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുകയും നിർമാതാക്കളെ കേരളത്തിലേക്ക് ക്ഷണിക്കുകയുമായിരുന്നു. പദ്ധതി നടപ്പാകുന്നതോടെ രാജ്യത്ത് ആദ്യമായി ഒരു സംസ്ഥാനം ജൈവകുപ്പികളിൽ വെള്ളം വിപണനം ചെയ്യുന്നു എന്ന ഖ്യാതി കേരളത്തിന് സ്വന്തമാകും.

നൂറു ശതമാനവും ജൈവ ഉന്മൂലനം സാധ്യമാകുന്ന ഇത്തരം കുപ്പികൾ കാഴ്ചയിൽ പ്ലാസ്റ്റിക്ക് കുപ്പികളെ പോലെ ഉണ്ടാകും. ഹരിതകുപ്പികൾ നിർമിക്കാൻ ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾക്ക് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരത്തിനു പുറമെ ഐഎസ്ഒ, ടിയുവി (ഠഡഢ) തുടങ്ങിയ ദേശീയ, അന്തർദേശീയ സർട്ടിഫിക്കേഷനും ലഭിച്ചിട്ടുണ്ട്.

കേരളം ആസ്ഥാനമായി പ്രവർത്തിക്കുന്ന എയ്റ്റ് സ്പെഷ്യലിസ്റ്റ് സർവീസസ് എന്ന സ്റ്റാർട്ടപ്പിന്റെ ഉപവിഭാഗമായ ഗ്രീൻ ബയോ പ്രോഡക്ടസാണ് കംപോസ്റ്റബിൾ ബോട്ടിലുകൾ നിർമിക്കുന്നതിന് ആവിശ്യമായ അസംസ്കൃത വസ്തുക്കൾ നൽകുന്നത്. ഇതിനായി കിഡ്!ക്കും എയ്റ്റ് സ്പെഷ്യലിസ്റ്റ് സർവീസസും തമ്മിൽ ധാരണയിലെത്തി. കംപോസ്റ്റബിൾ ബോട്ടിലുകൾക്ക് പ്ലാസ്റ്റിക്ക് കുപ്പിയേക്കാൾ നിർമാണ ചെലവ് അധികമായിരിക്കും. പൊതു ഇടങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, വിനോദസഞ്ചാര മേഖലകൾ എന്നിവ ഉൾപ്പടെ സമൂഹത്തിലെ സമസ്ത മേഖലയിലേക്കും ഹരിതകുപ്പിവെള്ളം വിതരണം നടത്താനാണ് സർക്കാർ ലക്ഷ്യമിടുന്നത്.




# മോഷണക്കേസ് അന്വേഷണ ഉദ്യോഗസ്ഥർക്ക് നിയമ സംരക്ഷണം നൽകണം സ്പൈസസ്സ് ട്രേഡേഴ്സ് ഫെഡറേഷൻ

**തൊടുപുഴ :** കട്ടപ്പനയിലെ ആർ.എം.എസ് സ്പൈസസ്സ് എന്ന സ്ഥാപനം കുത്തിത്തുറന്ന് 120 കിലോ ഏലക്ക മോഷ്ടിച്ച കാമാക്ഷിപുരം എസ്.ഐ എന്ന കുപ്രസിദ്ധ മോഷ്ടാവിനെയും കൂട്ടാളിയെയും പിടികൂടി തൊണ്ടി മുതൽ കണ്ടെടുക്കാൻ ശ്രിമിക്കുന്ന അന്വേഷണ ഉദ്യോഗസ്ഥർക്ക് നിയമ സംരക്ഷണം ഉറപ്പാക്കണമെന്ന് സ്പൈസസ്സ് വ്യാപാരികളുടെ സംഘടനയായ സ്പൈസസ്സ് ട്രേഡേഴ്സ് ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് കെ.എ.ജോസഫ്, ജനറൽ സെക്രട്ടറി ബിബിൻ മാത്യു, ജോയിന്റ് സെക്രട്ടറി ചന്ദ്രൻ പനയ്ക്കൽ എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

ഇക്കഴിഞ്ഞ ജനുവരി 3ന് പുലർച്ചെയാണ് കട്ടപ്പന ജ്യോതിഷ് ജംഗ്ഷനിലെ ബിബിൻ മാത്യു എന്നയാളുടെ ഉടമസ്ഥതയിലുള്ള ആർ.എം.എസ് സ്പൈസസ്സിൽ മോഷണം നടന്നത്. കട്ടപ്പനയിൽ നിന്നും മോഷ്ടിച്ചെടുത്ത പെട്ടി ഓട്ടോറിക്ഷയിലാണ് കാമാക്ഷിപുരം എസ്.ഐ എന്നറിയപ്പെടുന്ന കുപ്രസിദ്ധ മോഷ്ടാവും കൂട്ടാളിയും ചേർന്ന് സ്ഥാപനത്തിന്റെ ജനൽ തകർത്ത് ചാക്കിൽ സൂക്ഷിച്ചിരുന്ന ഏലക്ക മോഷ്ടിച്ചത്. മോഷണത്തിനായി ഉപയോഗിച്ച പെട്ടി ഓട്ടോറിക്ഷ പിന്നീട് ചെറുതോണി പാലത്തിന് സമീപം ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തി. സ്ഥാപനത്തിലെ സി.സി. ടിവി ഫൂട്ടേജിൽ നിന്നും പ്രതിയെ തിരിച്ചറിഞ്ഞ കട്ടപ്പന പോലീസ് എട്ട് കിലോമീറ്ററോളം നടന്ന് പ്രതിയുടെ വീട് വളഞ്ഞെങ്കിലും പ്രതി പടക്കം എറിഞ്ഞ് ഭീകരാന്തരീഷം സൃഷ്ടിച്ച് പോലീസിന് പിടികൊടുക്കാതെ ഓടി രക്ഷപെട്ടു. തുടർന്ന് പ്രതിയുടെ കുടുംബാംഗങ്ങൾ ഉൾപ്പെടെയുള്ളവർ അന്വേഷണ ഉദ്യോഗസ്ഥർക്കെതിരെ പട്ടിക ജാതി പീഢനം ആരോപിച്ച് രംഗത്തെത്തിയിരിക്കുകയാണ്. നിയമത്തിന്റെ പഴുതിൽ പിടിച്ച് മോഷണകേസിലെ പ്രതിയെ രക്ഷിക്കാനായി ഉന്നയിക്കുന്ന ആരോപണം ഒരു കാരണവശാലും അംഗീകരിക്കാനാവില്ലെന്ന് ഒരേസമയം രണ്ട് മോഷണം നടത്തിയ പ്രതിയെ എന്തുവിലകൊടുത്തും അറസ്റ്റ് ചെയ്യണമെന്നും കേസ് അന്വേഷിക്കുന്ന ഉദ്യോഗസ്ഥരുടെ മനോവീര്യം കെടുത്തുന്ന ഒരു നടപടിയും മേലുദ്യോഗസ്ഥരുടെയും സർക്കാരിന്റെയും ഭാഗത്തുനിന്ന് ഉണ്ടാവരുതെന്നും സംഘടന നേതാക്കൾ ആവശ്യപ്പെട്ടു.

കർഷകരിൽ നിന്നും സംഭരിക്കുന്ന ഏലക്ക അവധിക്ക് വില്പന നടത്തിയും വിദേശ വിപണികളെയും ആശ്രയിച്ച് വിപണനം നടത്തുന്നതുകൊണ്ട് സ്റ്റോറുകളിൽ മാസങ്ങളോളം സൂക്ഷിക്കേണ്ടിവരും. കർഷകർക്ക് മുഴുവൻ തുകയും നൽകി സംഭരിക്കുന്ന ഏലക്ക മോഷണം പോയാൽ ട്രേഡർമാർക്കുണ്ടാകുന്ന നഷ്ടം വളരെ വലുതാണ്. വിശ്വാസ്യതയുള്ള സ്പൈസസ്സ് ഡീലർമാരെ നിലനിറുത്തിയില്ലെങ്കിൽ വരൾച്ച കൊണ്ടും വന്യജീവി ആക്രമണം കൊണ്ടും നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്ന ഏല കർഷകർ കൊടിയ ദാരിദ്രത്തിൽ അകപ്പെടുന്ന സാഹചര്യം സൃഷ്ടിക്കപ്പെടുമെന്നും നേതാക്കൾ ചൂണ്ടിക്കാട്ടി.

# ഡിസ്ട്രിക്റ്റ് കളക്ടേഴ്സ് ട്രോഫി ഇന്ന്

**കൊച്ചി:** എറണാകുളം ജില്ലയുടെ ഔദ്യോഗിക ക്വിസ് ചാമ്പ്യൻ സ്കൂളിനെ കണ്ടെത്താനായി ജില്ലാ ഭരണകൂടവും ഇന്റ4നാഷണൽ ക്വിസിംഗ് അസോസിയേഷനും ചേ4ന്ന് സംഘടിപ്പിക്കുന്ന ക്വിസ്സിംഗ് ചാമ്പ്യൻഷിപ്പ് ഇന്ന് (ജനുവരി 8) രാവിലെ 9.30 ന് ഇടപ്പള്ളി അൽ അമീൻ സ്കൂളിൽ നടക്കും.

ജില്ലയിലെ എട്ട് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾ പങ്കെടുക്കും. www.iqa.asia എന്ന പോർട്ടലിലൂടെ കഝഅ ഏഷ്യ യിൽ ക്വിസ് പ്ലെയർ ആയി രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്ക് മത്സരിക്കാം. ഒരു സ്കൂളിൽ നിന്നും പരമാവധി 5 ടീമുകളാണ് മത്സരിക്കുക. വിജയികൾക്ക് ജില്ലയിലെ ഔദ്യോഗിക ക്വിസ് ചാമ്പ്യൻ സ്കൂളിനുള്ള ഡിസ്ട്രിക്ട് കളക്റ്റേഴ്സ് ട്രോഫി ജില്ലാ കളക്ടർ സമ്മാനിക്കും. ജില്ലാ ചാമ്പ്യന്മാർ സംസ്ഥാന തല ഫൈനലിലേക്ക് യോഗ്യത നേടും.

# താത്പര്യപത്രം ക്ഷണിച്ചു

**കൊച്ചി:** പാറക്കടവ് ഐ സി ഡി എസ് പ്രോജക്ടിന്റെ പരിധിയിൽ വരുന്ന പാറക്കടവ്, നെടുമ്പാശ്ശേരി, ശ്രീമൂലനഗരം ഗ്രാമപഞ്ചായത്തുകളിലെ 4 അങ്കണവാടികൾ നവീകരിക്കുന്നതിന് സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ പാറക്കടവ് ഐ സി ഡി എസ് ഓഫീസുമായി ബന്ധപെടുക.ഫോൺ: 04842470630, 9539374750.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ദേശീയ ജിംനാസ്റ്റിക്സ്; മെഡൽ വാരിക്കൂട്ടി കേരളം

**സൂറത്ത്:** ഗുജറാത്തിലെ സൂറത്തിൽ വെച്ച് നടന്ന ദേശീയ ജിംനാസ്റ്റിക്സ് ചാമ്പ്യൻഷിപ്പിൽ കേരളത്തിന്റെ മെഡൽവേട്ട. മൂന്ന് സ്വർണവും നാല് വെള്ളിയും ഏട്ട് വെങ്കലവുമായി 15 മെഡലുകളാണ് കേരളം നേടിയത്.




സീനിയർ പുരുഷൻമാരുടെ പൊമ്മൽ ഹോർസിൽ ഹരികൃഷ്ണൻ ജെ.എസ്. സ്വർണം നേടി. ദേശീയ ഗെയിംസിന് യോഗ്യതയും സ്വന്തമാക്കി. ജൂനിയർ പൊമ്മൽ ഹോർസിൽ മിധുൻ വി നായർ സ്വർണം കരസ്ഥമാക്കി. 12.267 പോയിന്റ് നേടിയാണ് സ്വർണനേട്ടം. സീനിയർ പുരുഷൻമാരുടെ ടംമ്പിളിങ്ങിൽ മുഹമ്മദ് നിബ്രാസ് ഹക്ക് സ്വർണം നേടി.

സീനിയർ വനിതകളുടെ ആർട്ടിസ്റ്റിക്സ് ജിംനാസ്റ്റിക്സിൽ അമാനി ദിൽഷാദ് വെള്ളി നേടി. സീനിയർ പുരുഷൻമാരുടെ ആർട്ടിസ്റ്റിക്സ് ജിംനാസ്റ്റിക്സിൽ സ്റ്റിൽ റിങ്ങ്സ് വിഭാഗത്തിൽ സ്വാതിഷ് കെ.പി. വെങ്കലും നേടി. തുടക്കത്തിൽ സ്വർണം നേടി സ്വാതിഷ് സ്കോറിങ്ങിലെ ടെക്നിക്കൽ പ്രശ്നം കാരണം വെങ്കലമാകുകയായിരുന്നു. സബ് ജൂനിയർ ആൺകുട്ടികളുടെ പൊമ്മൽ ഹോർസിൽ ശ്രീരാഗ് വെള്ളി നേടി. ശ്രീരാഗിന്റെ ആദ്യ ദേശീയ മത്സരമെഡലാണിത്. സബ്ജൂനിയർ ആൺകുട്ടികളുടെ ട്രാംപോളിന് വിഭാഗത്തിൽ ധ്രുവ് എയും ജൂനിയർ പെൺകുട്ടികളുടെ ട്രാംപോളിന് വിഭാഗത്തിൽ രാജലക്ഷ്മിയും വെങ്കലം നേടി. സീനിയർ വനിതകളുടെ ട്രാംപോളിന് വിഭാഗത്തിൽ അൻവിതാ സച്ചിനും പുരുഷ വിഭാഗത്തിൽ മനുമുരളിയും വെള്ളി നേടി. സീനിയർ ട്രാംപോളിന് ടീം ഇനത്തിൽ കേരളം വെങ്കലം നേടി. അനിൽ രാജേന്ദ്രൻ ടിആർ, സൂരജ് എഎൻ, യഥുരാജ്, മനുമുരളി എന്നിവരുൾപ്പെടുന്നതാണ് ടീം. ദേശീയ ഗെയിംസിന് ടീം യോഗ്യത കരസ്ഥമാക്കി.

സീനിയർ അക്രോബാറ്റിക്സ് ജിംനാസ്റ്റിക്സ് വനിതാ ബാലൻസ് / ഡൈനാമിക് ഇനത്തിൽ ലക്ഷ്മി ബി നായർ, പൗർണമി ഹരിഷ് കുമാർ സഖ്യം വെങ്കലം നേടി. സീനിയർ അക്രോബാറ്റിക്സ് പുരുഷ ഗ്രൂപ്പ് ഇനത്തിൽ മുഹമ്മദ് അജ്മൽ കെ, മുഹമ്മദ് സഫ്വാൻ പി.കെ. സ്വാതിക് എംപി, ഷിറിൽ റുമാൻ പിഎസ് സഖ്യം വെങ്കലം സ്വന്തമാക്കി. സീനിയർ മിക്സഡ് പെയർ വിഭാഗത്തിൽ പാർവദി ബി നായർ, ഫസൽ ഇംതിയാസ് സംഖ്യം വെങ്കലം നേടി. കേരളത്തെ പ്രതിനിധീകരിച്ച 89 പേരിൽ 26 പേർക്ക് മെഡലുകൾ ലഭിച്ചു.

# അന്താരാഷ്ട്ര അന്വേഷണങ്ങളിൽ ഇന്ത്യ പുതിയ യുഗത്തിലേക്ക്: കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ

**ന്യൂ ഡൽഹി :** ഭാരത്പോളിന്റെ സമാരംഭത്തോടെ അന്താരാഷ്ട്ര അന്വേഷണങ്ങളിൽ ഇന്ത്യ പുതിയ യുഗത്തിലേക്ക് പ്രവേശിക്കുകയാണെന്ന് കേന്ദ്ര ആഭ്യന്തര, സഹകരണ മന്ത്രി അമിത് ഷാ പറഞ്ഞു. സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ (സിബിഐ) വികസിപ്പിച്ച ഭാരത്പോൾ പോർട്ടലിന്റെ ഉദ്ഘാടനം ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഉദ്ഘടാനം ചെയ്യുകയായിരുന്നു അദ്ദേഹം..ഭാരത്പോളിലൂടെ, ഇന്ത്യയിലെ എല്ലാ ഏജൻസികൾക്കും പോലീസ് സേനയ്ക്കും ഇന്റർപോളുമായി പരിധികളില്ലാതെ ബന്ധപ്പെടാനും അതുവഴി അന്വേഷണങ്ങൾ വേഗത്തിലാക്കാനും കഴിയുമെന്ന് അദ്ദേഹം സൂചിപ്പിച്ചു.

ആഗോള വെല്ലുവിളികളെ നേരിട്ട് മുന്നോട്ട് പോകുമ്പോൾ നമ്മുടെ സംവിധാനങ്ങളും നവീകരിക്കേണ്ടത് അനിവാര്യമാണെന്നും ഭാരത്പോൾ ആ ദിശയിലേക്കുള്ള സമയോചിതമായ ചുവടുവയ്പ്പാണെന്നും അദ്ദേഹം പറഞ്ഞു. ഭാരത്പോളിന്റെ അഞ്ച് പ്രധാന മൊഡ്യൂളുകൾ കണക്റ്റ്, ഇന്റർപോൾ നോട്ടീസുകൾ, റഫറൻസുകൾ, ബ്രോഡ്കാസ്റ്റ്, റിസോഴ്സുകൾ നമ്മുടെ എല്ലാ നിയമ നിർവ്വഹണ ഏജൻസികളെയും പിന്തുണയ്ക്കുന്നതിനുള്ള ഒരു സാങ്കേതിക പ്ലാറ്റ്ഫോം പ്രദാനം ചെയ്യുന്നു. ഇൻറർപോൾ നോട്ടീസുകൾക്കായുള്ള അഭ്യർത്ഥനകൾ വേഗത്തിലും സുരക്ഷിതമായും ഘടനാപരമായും പ്രക്ഷേപണം ചെയ്യാനും ഇന്ത്യയ്ക്കുള്ളിൽ നിന്നും ലോകമെമ്പാടുമുള്ള കുറ്റവാളികളെ വേഗത്തിൽ കണ്ടെത്താനുള്ള ഒരു ശാസ്ത്രീയ സംവിധാനം പ്രാപ്തമാക്കാനും ഈ സംവിധാനം സഹായിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. 195 രാജ്യങ്ങളിൽ നിന്നുള്ള ഇന്റർപോൾ റഫറൻസുകൾ വിദേശത്തുള്ള അന്വേഷണങ്ങൾക്ക് അന്താരാഷ്ട്ര സഹായം തേടുന്നതും നൽകുന്നതും വളരെ ലളിതമാക്കും.

195 രാജ്യങ്ങളിൽ നിന്നുള്ള സഹായത്തിനുള്ള അഭ്യർത്ഥനകൾ ഇപ്പോൾ ബ്രോഡ്കാസ്റ്റ് മൊഡ്യൂളിലൂടെ ഉടൻ ലഭ്യമാകും. അതേസമയം റിസോഴ്സസ് മൊഡ്യൂൾ, രേഖകളുടെ കൈമാറ്റവും നിർവ്വഹണ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സംരംഭങ്ങളും സുഗമമാക്കുമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ പോലീസ് മെഡലും അന്വേഷണത്തിലെ മികവിനുള്ള ആഭ്യന്തര മന്ത്രിയുടെ മെഡലും ലഭിച്ച 35 സിബിഐ ഉദ്യോഗസ്ഥർക്ക് ചടങ്ങിൽ കേന്ദ്ര ആഭ്യന്തര മന്ത്രി പോലീസ് മെഡലുകളും സമ്മാനിച്ചു.



## വിമാനത്താവളത്തിലെ ജീവനക്കാർക്ക് ട്രാഫിക് ബോധവത്കരണ പരിപാടി

**കൊച്ചി:** നെടുമ്പാശേരി അന്താരാഷ്ട്ര വിമാനത്താവളത്തിലെ ജീവനക്കാർക്കായി എയർപോർട്ട് സെക്യൂരിറ്റി ഡിപ്പാർട്ട്മെന്റ് സംഘടിപ്പിക്കുന്ന പ്രതിമാസ ട്രാഫിക് ബോധവത്കരണ പരിപാടിക്ക് തുടക്കമായി. കേരള എം.വി.ഡിയുമായി ചേർന്നാണ് പരിപാടി സംഘടിപ്പിക്കുന്നത്.എയർപോർട്ട് ഡയറക്ടർ മനു ജി. ഉദ്ഘാടനം ചെയ്തു. മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ വിനോദ് കുമാർ എൻ. ആദ്യ ക്ലാസ്സെടുത്തു. എല്ലാ മാസത്തേയും ആദ്യത്തെ ചൊവ്വാഴ്ച്ച ക്ലാസ് സംഘടിപ്പിക്കും.

ജോയിന്റ് ആർ.ടി.ഒ എൻഫോഴ്സ്മെന്റ് മനോജ് കെ, സി.എസ്.ഒ ശിവദാസൻ ഹരിദാസൻ, സീനിയർ മാനേജർ സെക്യൂരിറ്റി വി.ജി രവീന്ദ്രനാഥ്, അസി.ജനറൽ മാനേജർ കോർപ്പറേറ്റ് കമ്യൂണിക്കേഷൻസ് പി.എസ് ജയൻ എന്നിവർ സംസാരിച്ചു.

## വാക് ഇൻ ഇന്റർവ്യു 10 ന്

**കൊച്ചി:** ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ ടെക്നിക്കൽ പ്രോഫഷണലുകളുടെ തസ്തികയിലേക്ക് വാക്ഇൻഇന്റർവ്യു നടത്തുന്നു. ഒഴിവുകളുടെ എണ്ണം രണ്ട്. താൽപര്യമുള്ളവർ ബയോഡേറ്റ, വിദ്യാഭ്യാസ യോഗ്യത, അനുഭവ സർട്ടിഫിക്കറ്റുകളുടെ പകർപ്പ്, അസൽ സർട്ടിഫിക്കറ്റുകൾ എന്നിവയുമായി കുസാറ്റിലെ സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസിന്റെ നബാർഡ് ഫണ്ടഡ് പ്രോജക്റ്റ്, പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്ററെ സമീപിക്കണം. ബയോഡേറ്റ, പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റുകൾ എന്നിവ ginsonjoseph@cusat.ac.in എന്ന ഇമെയിലിലേക്ക് അയക്കണം. ജനുവരി 10 ന് രാവിലെ 10 മണിക്ക് സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസിലാണ് അഭിമുഖം നടത്തുക. ഫോൺ: 8848095895

## അപേക്ഷാ തീയതി നീട്ടി

**കൊച്ചി:** എറണാകുളം ജില്ലയിൽ 47 റേഷൻകടകളുടെ നിയമനം നടത്തുന്നതിന് പുനർവിജ്ഞാപനം കഴിഞ്ഞ ഡിസംബർ 13ന് നിലവിൽ വന്നിരുന്നു. നിർദിഷ്ട ഫോറത്തിലുള്ള അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 14ന് മൂന്നുമണിവരെ നീട്ടി. അനുബന്ധ രേഖകൾ സഹിതം നേരിട്ടോ തപാൽ മുഖേനയോ എറണാകുളം ജില്ല സപ്ളൈ ഓഫീസിൽ ലഭിച്ചിരിക്കണമെന്ന് ഓഫീസർ അറിയിച്ചു.

## കുടിശിക ഒടുക്കൽ തിയതി നീട്ടി

**കൊച്ചി:** കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ ക്ഷേമനിധി വിഹിതം കുടിശിക വരുത്തിയ തൊഴിലാളികൾക്ക് കോവിഡ് കാലയളവ് ഒഴികെ അവസാന 3 വർഷ കാലയളവ് വരെയുള്ള കുടിശിക ഒടുക്കുന്നതിന് (9% പലിശ സഹിതം) 2025 മാർച്ച് 31 വരെ സമയം അനുവദിച്ചതായി ചീഫ് എക്സിക്യൂട്ടിവ് ആഫീസർ അറിയിച്ചു.വിശദവിവരങ്ങൾക്കായി എറണാകുളം എസ്.ആർ.എം.റോഡിലുള്ള ജില്ലാ ആഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഫോൺ : 0484240163




## സിഎംഎഫ്ആർഐക്ക് ക്ഷേത്രീയ രാജ്ഭാഷ പുരസ്കാരം

**കൊച്ചി:** ഹിന്ദി ഭാഷ മികച്ച രീതിയിൽ നടപ്പാക്കിയതിനുള്ള ക്ഷേത്രീയ രാജ്ഭാഷ പുരസ്കാരം തുടർച്ചയായി മൂന്നാം തവണയും കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന് (സിഎംഎഫ്ആർഐ) ലഭിച്ചു. ആഭ്യന്തര മന്ത്രാലയത്തിലെ ഔദ്യോഗിക ഭാഷാ വകുപ്പ് നൽകുന്ന പുരസ്കാരമാണിത്.കേരളം, തമിഴ്നാട്, പുതുച്ചേരി, ലക്ഷദ്വീപ് എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുടെ വിഭാഗത്തിലാണ് സിഎംഎഫ്ആർഐ പുരസ്കാരം നേടിയത്.

മൈസൂരിലെ കർണാടക ഓപൺ സർവകാലശാലയിൽ നടന്ന ജോയിന്റ് റീജണൽ ഒഫിഷ്യൽ ലാംഗ്വേജ് സമ്മേളനത്തിൽ ബിഹാർ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, കേന്ദ്ര ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ് റായി എന്നിവരിൽ നിന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജും ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഹരീഷ് നായരും ചേർന്ന് പുരസ്കാരം ഏറ്റുവാങ്ങി.

## ഇൻ സ്റ്റോർ പ്രൊമോട്ടർ കോഴ്സിന് അപേക്ഷിക്കാം

**ആലപ്പുഴ:** സങ്കൽപ് പദ്ധതിയുടെ ഭാഗമായി എസ്എസ്എൽസി പാസായ സ്ത്രീകൾക്ക് മൂന്നുമാസം ദൈർഘ്യമുള്ള സൗജന്യ തൊഴിൽ പരിശീലനവും (ഇൻ സ്റ്റോർ പ്രൊമോട്ടർ)

ജോലിയും നൽകുന്നു. സംസ്ഥാന സർക്കാരും, കെയ്സും ടെലികോം സെക്ടർ സ്കിൽ കൗൺസിലും, ജില്ലാ സ്കിൽ കമ്മിറ്റിയും സംയുക്തമായാണ് പരിശീലനം സംഘടിപ്പിക്കുന്നത്. തെരഞ്ഞെടുക്കുന്ന 30 പേർക്കാണ് അവസരം. 18നും 45 നും ഇടയ്ക്ക് പ്രായമുള്ള ആലപ്പുഴ ജില്ലക്കാർക്ക് അപേക്ഷിക്കാം.

താല്പര്യമുള്ളവർ ആധാർ കാർഡ്, എസ്എസ്എൽസി സർട്ടിഫിക്കറ്റ്, റേഷൻ കാർഡ് തുടങ്ങിയ അസൽ രേഖകളുമായി ചിത്തിര ബിൽഡിംഗ്, രജിസ്ട്രേഷൻ ഓഫീസ്, ജനറൽ ഹോസ്പിറ്റൽ ജംഗ്ഷൻ, ആലപ്പുഴ എത്തേണ്ടതാണ്. അവസാന തീയതി ജനുവരി ഒൻപത്. ഫോൺ: 7510100900, 8943201001, 9995614851.

സൊസൈറ്റി ടുഡേ
SOCIETY TODAY

# പുതുവത്സര വിപണിയിൽ 1340 ഭക്ഷ്യ സുരക്ഷാ പരിശോധനകൾ നടത്തി

## മാനദണ്ഡങ്ങൾ പാലിക്കാത്ത 21 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പ്പിച്ചു

**തിരുവനന്തപുരം:** പുതുവത്സര വിപണിയിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് 1340 പ്രത്യേക പരിശോധനകൾ നടത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ക്രിസ്തുമസിനോടനുബന്ധിച്ച് സംസ്ഥാന വ്യാപകമായി 252 സ്‌ക്വാഡുകളുടെ നേതൃത്വത്തിൽ നടത്തിയ 2861 പരിശോധനകൾ കൂടാതെയാണിത്. 109 പ്രത്യേക സ്‌ക്വാഡുകളാണ് പുതുവത്സര വിപണിയിൽ പരിശോധനകൾ നടത്തിയത്. മാനദണ്ഡങ്ങൾ പാലിക്കാത്ത 21 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പ്പിച്ചു. 182 സ്ഥാപനങ്ങൾക്ക് റെക്ടിഫിക്കേഷൻ നോട്ടീസും 109 കോമ്പൗണ്ടിംഗ് നോട്ടീസും നൽകി. 39 സ്റ്റാറ്റിയൂട്ടറി സാമ്പിളുകളും 284 സർവൈലൻസ് സാമ്പിളുകളും പരിശോധനയ്ക്കായി ശേഖരിച്ചു. ഭക്ഷ്യ സുരക്ഷാ പരിശോധനകൾ കർശനമായി തുടരുമെന്നും മന്ത്രി വ്യക്തമാക്കി.പുതുവത്സര വിപണിയിൽ കൂടുതൽ വിറ്റഴിക്കുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കാൻ ശക്തമായ പരിശോധനകളാണ് നടത്തിയത്. കേക്ക്, വൈൻ, മറ്റുള്ള ബേക്കറി വസ്തുക്കൾ നിർമ്മിക്കുന്ന ബേ ാർമകൾ, ബേക്കറി, മറ്റ് ചെറുകിട സംരംഭങ്ങൾ എന്നിവിടങ്ങളിൽ പ്രത്യേക പരിശോധനകൾ നടത്തി. കേക്ക്, കേക്ക് നിർമ്മാണത്തിന് ഉപയോഗിക്കുന്ന വിവിധ അസംസ്‌കൃത വസ്തുക്കൾ, ഐസ്‌ക്രീം, ശർക്കര, വെളിച്ചെണ്ണ തുടങ്ങിയവ പരിശോധനയ്ക്ക് വിധേയമാക്കി. കൂടാതെ മത്സ്യ, മാംസ ഉത്പന്നങ്ങളുടെ വിപണന കേന്ദ്രങ്ങളും പരിശോധിച്ചു. മത്സ്യ മൊത്തക്കച്ചവട കേന്ദ്രങ്ങളിലും ഭക്ഷ്യ സുരക്ഷാ ഓഫീസർമാരുടെ നേതൃത്വത്തിൽ പരിശോധന നടത്തി സാമ്പിളുകൾ ശേഖരിച്ചു.

ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ ഏകോപനത്തിൽ ഭക്ഷ്യ സുരക്ഷാ ജോയിന്റ് കമ്മീഷണർ ജേക്കബ് തോമസ്, ഡെപ്യൂട്ടി കമ്മീഷണർ എസ്. അജി എന്നിവർ പരിശോധനകൾക്ക് നേതൃത്വം നൽകി.





# ഫെഡറൽ ബാങ്ക് റിട്ടയേർഡ് ഓഫീസേഴ്‌സ് കുടുംബ സംഗമം

**ആലുവ :** ഫെഡറൽ ബാങ്ക് റിട്ടയേർഡ് ഓഫീസേഴ്‌സ് ഫോറം ആലുവ മേഖല സമ്മേളനവും കുടുംബ സംഗമവും ഫെഡറൽ ബാങ്ക് എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ടും സി.എച്ച്.ആർ.ഒ എൻ. രാജനാരായണൻ ഉദ്ഘാടനം ചെയ്തു. ആലുവ ദേശം പെരിയാർ ക്ലബ്ബിൽ നടന്ന പരിപാടിയിൽ സോണൽ സെക്രട്ടറി രാജു ജോർജ് അധ്യക്ഷത വഹിച്ചു. പ്രസിഡന്റ് കെ.ടി.തോമാച്ചൻ,ജനറൽ സെക്രട്ടറി പോൾ മുണ്ടാടൻ, ഏരിയ സെക്രട്ടറി ഡി.രമേഷ്, വൈസ് പ്രസിഡണ്ട് വി.എം രാജനാരായണൻ, ഏരിയ കമ്മിറ്റി മെമ്പർ ഗിരിജ.സി.ജോർജ്, ജനറൽ കൺവീനർ ജോസഫ്.ജെ. പൂവാട്ടിൽ, ജോൺ ലൂയിസ് ചിറയത്ത്, അബ്ദുൽ റഷീദ് എ എ എന്നിവർ സംസാരിച്ചു.സംഘടനയിലെ മുതിർന്ന അംഗങ്ങളെ ആദരിച്ചു.



**കേരള ആക്ഷൻ ഫോഴ്‌സിന്റെയും ജനസേവ ശിശുഭവന്റെയും സംയുക്ത ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പ്രാഥമിക അത്യാഹിത പരിചരണ പരിശീലന കളരിയുടെ സംസ്ഥാനതല ഉദ്ഘാടനം കൂനമ്മാവ് സെൻറ് ജോസഫ് ബോയ്സ് ഹോമിൽ വച്ച് പത്മശ്രീ ഡോ. ടോണി ഫെർണാണ്ടസ് ഉദ്ഘാടനം ചെയ്യുന്നു. ഫാ. ജോസ് ഡൊമിനിക്, ഡോ. സി. എം. ഹൈദർ അലി, ഡോ. ഫ്രഡി സൈമൺ, ജോസ് മാവേലി, അഡ്വ. ചാർളി പോൾ, ജോബി തോമസ്, കെ. ജയപ്രകാശ്, ജാവൻ ചാക്കോ, അസീസ് അൽബാബ്, രവിചന്ദ്രൻ തുടങ്ങിയവർ സമീപം**

# കേരള ആക്ഷൻ ഫോഴ്‌സിന്റെ പ്രാഥമിക അത്യാഹിത പരിചരണ പരിശീലന കളരി ഉദ്ഘാടനം ചെയ്തു

**ആലുവ :** കേരള ആക്ഷൻ ഫോഴ്‌സിന്റെയും ജനസേവ ശിശുഭവന്റെയും സംയുക്ത ആഭിമുഖ്യത്തിൽ പ്രാഥമിക അത്യാഹിത പരിചരണ പരിശീലന കളരി സംഘടിപ്പിക്കുന്നു.

പരിശീലന കളരിയുടെ സംസ്ഥാനതല ഉദ്ഘാടനം പത്മശ്രീ ഡോ. ടോണി ഫെർണാണ്ടസ് നിർവഹിച്ചു. ഒരു അത്യാഹിതമുണ്ടായാൽ പൊതുജനങ്ങൾ എങ്ങനെ പ്രാഥമിക രക്ഷാപ്രവർത്തനത്തിൽ ഏർപ്പെടണം എന്ന ബോധവൽക്കരണം ഗവൺമെൻറ് ഏജൻസികളുടെ സഹകരണത്തോടെ നടത്തുകയാണ് ഈ കളരി കൊണ്ട് ഉദ്ദേശിക്കുന്നത്. ഏതാനും ദിവസങ്ങൾക്ക് മുമ്പ് കലൂർ ഇൻറർനാഷണൽ സ്റ്റേഡിയത്തിൽ വച്ച് വീണ് പരിക്കേറ്റ ഉമാ തോമസ് എം.എൽ.എ.യെ പ്രാഥമികമായി രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ടവർ തങ്ങളുടെ അജ്ഞത മൂലം കൂടുതൽ സങ്കീർണമായ അപകടവസ്ഥയിലേക്ക് കുട്ടിക്കൊണ്ടുപോയ ദുരവസ്ഥ മനസ്സിലാക്കിയാണ് ഇത്തരമൊരു പരിശീല കളരി ആരംഭിക്കുന്നത് എന്ന് ഡോ. ടോണി ഫെർണാണ്ടസ് പറഞ്ഞു.

കൂനമ്മാവ് സെൻറ് ജോസഫ് ബോയ്സ് ഹോം ഓഡിറ്റോറിയത്തിൽ വെച്ച് ഡയറക്ടർ ഫാ. ജോസ് ഡൊമിനിക്കിന്റെ അധ്യക്ഷതയിൽ കൂടിയ ഉദ്ഘാടന സമ്മേളനത്തിൽ പാലിയേറ്റീവ് കെയർ കൺസോർഷ്യം ജില്ലാ പ്രസിഡൻറ് ഡോ. സി. എം. ഹൈദർ അലി, ജനസേവ ശിശുഭവൻ ചെയർമാൻ ജോസ് മാവേലി, പ്രസിഡൻറ് അഡ്വ. ചാർളി പോൾ, കൺവീനർ ജോബി തോമസ്, റെസിഡൻഷ്യൽ അസോസിയേഷൻ ജില്ലാ കോഡിനേറ്റർ ജയപ്രകാശ് എന്നിവർ പ്രസംഗിച്ചു.

കേരള വ്യാപകമായി താല്പര്യമുള്ള റെസിഡൻഷ്യൽ അസോസിയേഷനുകൾ, സാമൂഹിക സാംസ്കാരിക സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവ വഴി പൊതുജനങ്ങൾക്ക് പ്രാഥമിക അത്യാഹിത പരിചരണ പരിശീലനം നൽകുമെന്ന് സംഘാടകർ അറിയിച്ചു.

എറണാകുളം ജില്ലയിൽ താല്പര്യമുള്ള സംഘടനകൾക്ക് സൗജന്യമായി പരിശീലനം നൽകുന്നതായിരിക്കും. താല്പര്യമുള്ളവർക്ക് 9747474715 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

# തേവര സെന്റ് ജോസഫ് പള്ളിയിൽ വിശുദ്ധ യൂദാശ്ലീഹായുടെ തിരുനാൾ ഇന്നുമുതൽ

**കൊച്ചി:** സെന്റ് ജോസഫ് പള്ളിയിൽ വിശുദ്ധ യൂദാശ്ലീഹായുടെ തിരുനാൾ ജനുവരി 8 ബുധനാഴ്ച തുടങ്ങി 12 ഞായറാഴ്ച അവസാനിക്കുന്നു. എട്ടാം തീയതി ബുധനാഴ്ച വൈകുന്നേരം 5 15ന് പ്രസുദേന്തി വാഴ്ച, തിരുസുരൂപം എടുത്തു വയ്ക്കൽ തുടർന്ന് കൊടികയറ്റത്തിനും ദിവ്യബലിക്കും വരാപ്പുഴ അതിരൂപത ആർച്ച് ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ മുഖ്യ കാർമികത്വം വഹിക്കും ഫാ.റോബിൻ ഡാനിയേൽ വചനപ്രഘോഷണവും നടത്തും. 9 വ്യാഴാഴ്ച വൈകുന്നേരം 5 30ന് ദിവ്യബലിക്ക് കണ്ണൂർ സഹായമെത്രാൻ ഡോ.ഡെന്നീസ് കുറുപ്പശേരി മുഖ്യകാർമികത്വവും, ഫാ.ഷെൽട്ടൻ കാക്കിരിയിൽ വചന സന്ദേശവും നൽകും. പത്തു വെള്ളിയാഴ്ച വൈകുന്നേരം 5.15ന് 2026 ലെ പ്രസുദേന്തിമാരുടെ വാഴ്ച തുടർന്ന് ദിവ്യബലിക്ക് ഫാ.മാർട്ടിൻ തൈപ്പറമ്പിൽ മുഖ്യകാർമ്മികനും ഫാ.ആന്റണി ഷൈൻ കാട്ടുപറമ്പിൽ വചനപ്രഘോഷകനും ഈ ഇടവകയിൽ സേവനം ചെയ്ത സഹവികാരിമാർ സഹകാർമികരും ആയിരിക്കും. 11 ശനിയാഴ്ച വൈകുന്നേരം 5 30ന് ഫാ.ബാബു വാവക്കാട്ട് മുഖ്യ കാർമികനും, ഫാ. ആൽഫിൻ ആന്റണി കൊച്ചുവീട്ടിൽ വചനപ്രഘോഷകനും ഇടവക മക്കളായ വൈദികർ സഹ കാർമ്മികരും ആയിരിക്കും. തിരുനാൾ സമാപന ദിവസമായ 12 ഞായറാഴ്ച വൈകുന്നേരം 5 30ന് ദിവ്യബലിക്ക് ഫാ.ഫ്രാൻസിസ് സേവ്യർ താന്നിക്കാപറമ്പിൽ മുഖ്യകാർമികത്വം വഹിക്കും ഫാ. സേവ്യർ കുടിയാംശേരി വചനപ്രഘോഷണം നടത്തും. എല്ലാദിവസവും ദിവ്യബലിയെ തുടർന്ന് നൊവേനയും ആരാധനയും ഉണ്ടായിരിക്കും

# പോലീസ് പട്രോളിംഗ് ഡിജിറ്റലൈസിന് ജിയോ ടാഗിംഗ് പൂർത്തിയാക്കി

**കൊല്ലം:** സിറ്റി പോലീസിൻറെ പട്രോളിംഗ് സംവിധാനം ഡിജിറ്റലൈസ് ചെയ്യുന്നതിൻറെ ആദ്യ ഘട്ടമായി ജിയോ ടാഗിംഗ് പൂർത്തീകരിച്ചു. സിറ്റി പോലീസ് പരിധിയിൽ മൂന്നു സബ് ഡിവിഷനുകളിലേയും ഗുണ്ടകളെ ഉൾപ്പടെ ഫലപ്രദമായി നിരീക്ഷിക്കാനുള്ള ജിയോ ടാഗിംഗ് സംവിധാനമാണ് നിലവിൽ വന്നത്.

കൊല്ലം പോലീസ് ക്ലബിൽ നടന്ന ചടങ്ങിൽ സിറ്റി പോലീസ് കമ്മീഷണർ ചൈത്ര തെരേസ ജോൺ അധ്യക്ഷത വഹിച്ചു. തിരുവനന്തപുരം റേഞ്ച് ഡിഐജി അജിതാ ബീഗം ജിയോ മാപ്പിംഗിൻറെ ജില്ലാതല ഉദ്ഘാടനം നിർവഹിച്ചു.ജില്ലാ സ്പെഷൽ ബ്രാഞ്ച് എസിപി പ്രതീപ് കുമാർ, കൊല്ലം എസിപി ഷെരീഫ്, കെപിഒഎ ജില്ലാ സെക്രട്ടറി ജിജു സി. നായർ, കെപിഎ ജില്ലാ സെക്രട്ടറി വിമൽ കുമാർ എന്നിവർ സന്നിഹിതരായിരുന്നു. ചടങ്ങിൽ ജിയോ ടാഗിംഗ് സമയ ബന്ധിതമായി പൂർത്തിയാക്കിയ പോലീസ് ഉദ്യോഗസ്ഥരായ ഷഹീർ, ജ്യോതിഷ്കുമാർ എന്നിവരെ അനുമോദിച്ചു. ഈ സംവിധാനത്തിൽ ഓരോ സ്റ്റേഷൻ പരിധിയിലെ പ്രധാനപ്പെട്ട സ്ഥലങ്ങളെ മാപ്പിൽ ടാഗ് ചെയ്തിരിക്കുന്നതിനാൽ ഒറ്റ ക്ലിക്കിൽ നിർദിഷ്ട സ്ഥലത്ത് എളുപ്പത്തിൽ എത്തിച്ചേരാൻ സാധിക്കും. കൂടാതെ സ്റ്റേഷൻ പരിധിയിലെ സാമൂഹ്യ വിരുദ്ധരെ നിരീക്ഷിക്കാനുള്ള സംവിധാനവും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് പോലീസിൻറെ പട്രോളിംഗിന് വളരെ സഹായകരമാണ്.ഇതിൽ ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലുമുള്ള പ്രധാനപ്പെട്ട ജംഗ്ഷനുകൾ, ബാങ്കുകൾ, എടിഎമ്മുകൾ, ആരാധനാലയങ്ങൾ, സ്കൂളുകൾ, ബസ് സ്റ്റാൻഡ്, റെയിൽവേ സ്റ്റേഷൻ, ബീച്ച്, പാർക്ക്, തിയേറ്റർ, പ്രധാന സ്ഥാപനങ്ങൾ, ബ്ലാക്ക് സ്പോട്ടുകൾ, കോളനികൾ, പ്രധാന ഗവൺമെൻറ് ഓഫീസുകൾ തുടങ്ങി പ്രധാനപ്പെട്ട സ്ഥലങ്ങളിലെല്ലാം ഏറ്റവും വേഗത്തിൽ പോലീസിൻറെ സേവനം ലഭ്യമാക്കുന്ന രീതിയിലാണ് ടാഗിംഗ് സംവിധാനം തയാറാക്കിയത്.

നഗരത്തിൻറെ ഏതു മേഖലയിൽ പ്രശ്നങ്ങളുണ്ടായാലും സംശയ മുനയിലുള്ള സ്ഥിരം കുറ്റവാളികളുടെ അടുത്തേക്ക് നിമിഷങ്ങൾക്കുള്ളിൽ എത്തിച്ചേരുന്നതിന് പോലീസിന് സാധിക്കുമെന്നതാണ് പ്രധാന സവിശേഷത.നഗരത്തിലെ 1240 ലൊക്കേഷനുകളും 603 സാമൂഹ്യ വിരുദ്ധരായ സ്ഥിരം കുറ്റവാളികളേയുമാണ് ഇത്തരത്തിൽ അടയാളപ്പെടുത്തിയത്. ഉന്നത പോലീസ് ഉദ്യോഗസ്ഥർക്കും സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും കൺട്രോൾ റൂമിനും പട്രോളിംഗ് സംഘങ്ങൾക്ക് ഉൾപ്പെടെ ഈ സംവിധാനം ലഭ്യമാക്കിയിട്ടുണ്ട്.

ഇതിലൂടെ കൃത്യമായ ഇടവേളകളിൽ ഗുണ്ടകളെ ലൊക്കേഷനുകളിലെത്തി പരിശോധിക്കുന്നതിനും ഇവർ ഗുണ്ടാ പ്രവർത്തനങ്ങളിൽ സജീവമാകുന്നുണ്ടോ എന്നത് ഉൾപ്പടെ വിലയിരുത്താൻ കഴിയും. നിരന്തരമായി ഇവരെ നിരീക്ഷിക്കുന്നതിലൂടെ കുറ്റകൃത്യങ്ങളിൽ നിന്നു വിട്ടു നിൽക്കാൻ ഇത്തരക്കാർക്ക് സഹായകമാകുമെന്ന് കരുതുന്നു.പരിശോധനയ്ക്കെത്തുന്പോൾ ഏതെങ്കിലും ഗുണ്ട സ്ഥലത്ത് ഇല്ലായെന്ന് പട്രോളിംഗ് സംഘങ്ങൾക്കു ബോധ്യപ്പെട്ടാൽ മൊബൈൽ ലൊക്കേഷൻ ഉൾപ്പെടെ പിന്തുടർന്ന് ഇവരെ കണ്ടെത്താനും സ്ഥലം മാറിയെത്തുന്ന സ്ഥല പരിചയമില്ലാത്ത ഉദ്യോഗസ്ഥർക്കു പോലും കുറ്റവാളികളുടെ പ്രവർത്തന മേഖലകൾ എളുപ്പം കണ്ടെത്താനും ഈ സംവിധാനം സഹായകമാകും.

# അക്സൽ 650 ദശലക്ഷം ഡോളർ സമാഹരിച്ചു

**കൊച്ചി:** ഇന്ത്യയിലേയും തെക്കു കിഴക്കൻ ഏഷ്യയിലേയും സ്റ്റാർട്ടപ്പുകൾക്ക് പിന്തുണ നൽകാനായി മുൻനിര ആഗോള വെഞ്ചർ ക്യാപിറ്റൽ സ്ഥാപനമായ അക്സൽ 650 ദശലക്ഷം ഡോളർ സമാഹരിച്ചു. നിർമിത ബുദ്ധി, കൺസ്യൂമർ, ഫിൻടെക്, നിർമാണം തുടങ്ങിയ മേഖലകളിലാവും ഈ ഫണ്ട് ശ്രദ്ധ കേന്ദ്രീകരിക്കുക. മെൻറർഷിപ്, നെറ്റ്വർക്ക്, തുടങ്ങിയ മേഖലകളിലും പിന്തുണ നൽകുന്ന അക്സൽ ആഗോള തലത്തിൽ 40 വർഷത്തിലേറെ അനുഭവ സമ്പത്തുള്ള സ്ഥാപനമാണ്. ഇന്ത്യയിൽ 16 വർഷം മുമ്പാണ് ഓഫീസ് പ്രവർത്തനം ആരംഭിച്ചത്. വ്യവസായ രംഗത്തെ മാറ്റി മറിക്കുന്നതും അതിവേഗം ഉയർന്നു കൊണ്ടിരിക്കുന്ന വിപണിയുടെ ആവശ്യങ്ങളെ നിറവേറ്റുന്നതുമായ നിർമിത ബുദ്ധി, കൺസ്യൂമർ, ഫിൻടെക്, മാനുഫാക്ചറിങ് മേഖലകളിലാണ് ഈ പുതിയ ഫണ്ടിലൂടെ തങ്ങൾ ശ്രദ്ധ പതിപ്പിക്കുന്നതെന്ന് അക്സൽ പാർട്ട്ണർ പ്രയാങ്ക് സ്വരൂപ് പറഞ്ഞു. ഇന്ത്യയുടെ സാമ്പത്തിക പുരോഗതിക്കു പിന്നിൽ സ്റ്റാർട്ടപ്പുകൾക്കുള്ള പങ്ക് കൂടുതൽ വർധിക്കുകയാണെന്ന് അക്സൽ പാർട്ട്ണർ ശേഖർ കിരണി ചൂണ്ടിക്കാട്ടി.

# നൈപുണ്യ പരിശീലനം നൽകാൻ സംസ്ഥാന സർക്കാരും കോഴ്സിറയും കൈകോർക്കുന്നു

**കൊച്ചി:** കേരള ഡെവലപ്മെന്റ് ആന്റ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെഡിസ്ക്) പദ്ധതിയായ കേരള നോളജ് ഇക്കോണി മിഷൻ സംസ്ഥാനത്തെ യുവജനങ്ങൾക്ക്, വ്യവസായ മേഖല ആവശ്യപ്പെടുന്ന തൊഴിൽ നൈപുണ്യ പരിശീലനം നൽകുന്നതിന് മുൻനിര ആഗോള ഓൺലൈൻ ലേണിങ് പ്ലാറ്റ്ഫോം ആയ കോഴ്സിറയുമായി കൈകോർക്കുന്നു. കണമൂല ജോൺ കോക്സ് എഞ്ചിനീയറിങ് കോളെജിൽ നടന്ന ചടങ്ങിൽ പദ്ധതിയുടെ ഔദ്യോഗിക പ്രഖ്യാപനം നടന്നു. വിപണിയിൽ ഏറെ ഡിമാൻഡുള്ള 17 തരം ഡിജിറ്റൽ ജോലികൾക്കായി 60,000 യുവജനങ്ങൾക്ക് ഈ വർഷം നൈപുണ്യ പരിശീലനം നൽകുകയാണ് ഈ പങ്കാളിത്തത്തിലൂടെ ലക്ഷ്യമിടുന്നത്. 2026ഓടെ 30 ലക്ഷം പേർക്ക് നൈപുണ്യ പരിശീലനം നൽകുകയും 20 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്ന കേരള നോളജ് ഇക്കോണി മിഷന്റെ സുപ്രധാന പദ്ധതിയുടെ ഭാഗമാണിത്.തൊഴിലന്വേഷകർക്കും പ്രൊഫഷനലുകൾക്കുമുള്ള നൈപുണ്യ പരിശീലനം: പുതിയ അവസരങ്ങൾ തേടുന്നവർക്കും, ഇടവേളയ്ക്കു ശേഷം തൊഴിലിലേക്ക് തിരിച്ചെത്തുന്നവർക്കുമായി ഉയർന്ന ഡിമാൻഡുള്ള ഡിജിറ്റൽ ജോലികൾക്കാവശ്യമായ നൈപുണ്യം നേടിയെടുക്കാനും അവസരമുണ്ട്. ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിൽ ഇവർക്കുള്ള നൈപുണ്യ പരിശീലനത്തിന് മേൽനോട്ടം വഹിക്കാൻ ടാലന്റ് ക്യൂറേഷൻ എക്സിക്യൂട്ടീവുമാരേയും തദ്ദേശ തലങ്ങളിൽ നിയമിക്കും.എഐ/ എംഎൽ, ക്ലൗഡ് കംപ്യൂട്ടിങ്, സൈബർസെക്യൂരിറ്റി, ക്രിയേറ്റീവ് ഡിസൈൻ, ലോജിസ്റ്റിക്സ് ആന്റ് സപ്ലൈ ചെയിൻ, ഡിജിറ്റൽ മാർക്കറ്റിങ് തുടങ്ങി സുപ്രധാന തൊഴിലുകളുമായി ബന്ധപ്പെട്ട പരിശീലനങ്ങൾക്കായി എല്ലാ പഠിതാക്കൾക്കും 40 വെർച്വൽ അക്കാഡമികളിലേക്ക് പ്രവേശനം ലഭിക്കും. തിരുവനന്തപുരം, കൊച്ചി, തൃശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ നാലു ദിവസം നീളുന്ന വർക്ക്ഷോപ്പുകളും ഇവർക്കായി സംഘടിപ്പിക്കും. ഈ മെന്റർമാർക്ക് കെഡിസ്കിന്റെ ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം പോർട്ടൽ വഴി കരിയർ കോച്ച് സർട്ടിഫിക്കറ്റുകളും കോഴ്സിറ നൽകും.

# സിഗ്മ നാഷണൽ ഗാർമെൻറ്സ് ഫെയർ 20 മുതൽ കൊച്ചിയിൽ

**കൊച്ചി:** വസ്ത്രരംഗത്തെ നൂതന ട്രെൻഡുകൾ അവതരിപ്പിക്കുന്ന സിഗ്മ നാഷണൽ ഗാർമെൻറ്സ് ഫെയർ ഏഴാം പതിപ്പ് കൊച്ചിയിൽ നടക്കും.സൗത്ത് ഇന്ത്യൻ ഗാർമെൻറ്സ് മാനുഫാക്ചറേഴ്സ് അസോസിയേഷൻ (സിഗ്മ) സംഘടിപ്പിക്കുന്ന ഫെയർ 20, 21, 22 തീയതികളിൽ മറൈൻഡ്രൈവിലാണു സംഘടിപ്പിച്ചിട്ടുള്ളത്.
പ്രീമിയം ബിസിനസ് ടു ബിസിനസ് ഫാഷൻ ഇവൻറിൽ ആയിരക്കണക്കിന് പ്രഫഷണലുകളും എറ്റവും പുതിയ ട്രെൻഡുകൾ അവതരിപ്പിച്ച് 50ഓളം ബ്രാൻഡുകളും അണിനിരക്കും.




# കഠിനാധ്വാനവും ലക്ഷ്യബോധവമുണ്ടെങ്കിൽ ഏത് ലക്ഷ്യവും കൈപ്പിടിയിലൊതുക്കാം

**കൊച്ചി:** കഠിനാധ്വാനവും ലക്ഷ്യബോധവമുണ്ടെങ്കിൽ ഏത് ലക്ഷ്യവും കൈപ്പിടിയിലൊതുക്കാമെന്ന് ജി ടി ആർ കാംപ്ബെൽ മറൈൻ കൺസൾട്ടന്റ്സ് ലിമിറ്റഡ് സിഇഒ ആന്റണി പ്രിൻസ്. കേരള മാനേജ്മെന്റ് അസോസിയേഷൻ (കെ എം എ) ഇൻസ്പെയർ സീരീസ് പ്രഭാഷണ പരമ്പരയുടെ ഭാഗമായി ദി കൊച്ചിൻ മിറാക്കിൾ എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിന് പുറത്ത് ഏത് കഠിനമായ ജോലിയും ചെയ്യുന്നവരാണ് മലയാളികൾ. ഏത് വെല്ലുവിളിയും അവർ തരണം ചെയ്യും. പക്ഷെ കേരളത്തിൽ ഇതൊന്നും സാധ്യമാകില്ലെന്ന മനസ്ഥിതി മാറണം. വിജയത്തിലേക്കെത്താൻ കുറുക്കുവഴികളില്ല. മികച്ച മാനേജ്മെന്റ് വൈദഗ്ധ്യം ഉണ്ടെങ്കിൽ കേരളത്തിലെ ഏത് പൊതുമേഖലാ സ്ഥാപനവും മികച്ച നിലയിൽ പ്രവർത്തന ലാഭത്തിലെത്തിക്കാം. കൊച്ചിൻ ഷിപ്പ്യാർഡ് ഇതിനു ഏറ്റവും വലിയ ഉദാഹരണമാണ്. തൊഴിലാളികൾക്കും മാനേജ്മെന്റിനും പരസ്പര വിശ്വാസവും സഹകരണ മനോഭാവവും ഉണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു.തദ്ദേശനിർമിത ഡിസൈനുകളും വിപണി സാധ്യതകളും കണ്ടെത്തിയതോടെയാണ് കൊച്ചി കപ്പൽശാല ഉയരങ്ങളിലേക്ക് കുതിച്ചത്. അവസരങ്ങൾ തിരിച്ചറിഞ്ഞതോടെ ജീവനക്കാരും മാനേജ്മെന്റും ഒരേ മനസോടെ പ്രവർത്തിച്ചതിന്റെ ഫലമാണ് കപ്പൽശാലയുടെ വിജയം. അടിസ്ഥാനസൗകര്യ വികസനം സാധ്യമാക്കുകയും കാലഹരണപ്പെട്ട രൂപകല്പനകൾ ഒഴിവാക്കുകയും ചെയ്തതോടെ ഉത്പാദന ക്ഷമത വർധിക്കുകയും ഡിമാൻഡ് വർധിക്കുകയും ചെയ്തു.പതിനൊന്ന് വർഷം മുൻപ് മാത്രമാണ് കൊച്ചി കപ്പൽശാലയുടെ വളർച്ചക്കായുള്ള വിത്തുകൾ പാകിയത്. ജീവനക്കാരുടെ ഒത്തൊരുമയുടെ ഫലമാണ് ഏതൊരു സ്ഥാപനത്തിന്റെയും വിജയം. കപ്പൽ നിർമ്മിക്കാൻ തക്ക പ്രാപ്തിയിലേക്ക് കപ്പൽശാല വളർന്നത് ജീവനകകർഡ്യം മാനേജ്മെന്റിന്റെയും ഏകഗോപനത്തോടെയുള്ള പ്രവർത്തനങ്ങളുടെ ഫലമാണെന്ന്എം അദ്ദേഹം ചൂണ്ടിക്കാട്ടി.കെ എം എ പ്രസിഡന്റ് ബിബു പുന്നൂരാൻ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് അൽജിയേഴ്സ് ഖാലിദ് സ്വാഗതവും സെക്രട്ടറി ഡോ. അനിൽ ജോസഫ് നന്ദിയും പറഞ്ഞു.

# വൻ നിക്ഷേപത്തിന് മൈക്രോസോഫ്റ്റ്

**ന്യൂഡൽഹി:** ഇന്ത്യയിൽ വൻ നിക്ഷേപത്തിനൊരുങ്ങി മൈക്രോസോഫ്റ്റ്. ക്ലൗഡ് കന്പ്യൂട്ടിംഗ്, ആർട്ടിഫിഷ്യൽ ഇൻറലിജൻസ് എന്നിവയുടെ വിപുലീകരണം ലക്ഷ്യമിട്ട് അടുത്ത രണ്ടു വർഷത്തിൽ മൂന്നു ബില്യൺ ഡോളറിൻറെ (ഏകദേശം 25700 കോടി രൂപ) നിക്ഷേപം നടത്തുമെന്ന് സിഇഒ സത്യ നാദെല്ല അറിയിച്ചു.

2030ഓടെ ഇന്ത്യയിൽ ഒരു കോടിയോളം ആളുകളെ എഐ നൈപുണ്യത്തിൽ പരിശീലിപ്പിക്കുമെന്നും നാദെല്ല പറഞ്ഞു. നിക്ഷേപത്തിനൊപ്പം പുതിയ ഡേറ്റ സെൻററുകളും രാജ്യത്ത് സ്ഥാപിക്കും. നിലവിൽ മൈക്രോസോഫ്റ്റിന് ഇന്ത്യയിൽ മൂന്നു ഡേറ്റ സെൻറർ മേഖലകകളുണ്ട്. നാലാമത്തേത് അടുത്ത വർഷത്തോടെ സ്ഥാപിതമാകും.

പരിശീലന സംരംഭം മൈക്രോസോഫ്റ്റിൻറെ ഗ്ലോബൽ സ്കിൽസ് ഫോർ സോഷ്യൽ ഇംപാക്ട് ചാർട്ടറിൻറെ ഭാഗമാണ്. ഈ പരിശീലനങ്ങൾ സർക്കാരിൻറെ, എൻജിഒകൾ, കമ്യൂണിറ്റികൾ എന്നിവയുടെ പങ്കാളിത്തത്തോടെയാണ് നൽകുന്നത്.

2024 ഫെബ്രുവരിയിൽ നാദെല്ല ഇന്ത്യ സന്ദർശിച്ചപ്പോൾ, 2025ഓടെ രാജ്യത്തെ ഇരുപത് ലക്ഷം! ആളുകൾക്ക് എഐ നൈപുണ്യത്തിൽ പരിശീലനത്തനുള്ള അവസരങ്ങൾ കന്പനി നൽകുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചിരുന്നു. ഇതിൽ പങ്കെടുത്തവരിൽ 65 ശതമാനവും വനിതകളും ചെറിയ നഗരങ്ങളിലും ഗ്രാമപ്രദേശങ്ങളിലുമുള്ളവരുമായിരുന്നു.

ഇന്ത്യയിൽ നടക്കുന്ന മൂന്നു ബില്യൺ ഡോളറിൻറെ നിക്ഷേപം രാജ്യത്തെ ഏറ്റവും വലിയ വിപുലീകരണമായിരിക്കുമെന്ന് നാദെല്ല പറഞ്ഞു. മൈക്രോസോഫ്റ്റ് അതിൻറെ ക്ലൗഡ് കന്പ്യൂട്ടിംഗ് സേവനങ്ങൾ അസുർ ബ്രാൻഡ് നാമത്തിലാണ് നൽകുന്നത്. 300ലധികം ഡാറ്റാ സെൻററുകൾ അടങ്ങുന്ന 60ലധികം അസൂർ മേഖലകളുണ്ട്.

രാജ്യത്തുടനീളം പുതിയ അവസരങ്ങൾ തുറന്ന് എഐ നവീകരണത്തിൽ ഇന്ത്യ അതിവേഗം കുതിക്കുകയാണ്. ഇൻഫ്രാസ്ട്രക്ചറിലും നൈപുണ്യത്തിലും ഉള്ള നിക്ഷേപങ്ങൾ ഇന്ത്യയെ എഐയിൽ ഒന്നാമതാക്കും. കൂടാതെ രാജ്യത്തുടനീളമുള്ള ആളുകൾക്കും സ്ഥാപനങ്ങൾക്കും വിശാലമായ പ്രയോജനം ഉറപ്പാക്കാൻ ഇത് സഹായിക്കും.നാദെല്ല വ്യക്തമാക്കി.

# ഔഷധി നവീകരണത്തിന് തുടക്കമായി

**തൃശൂർ:** മരുന്നുകളിൽ ലോഹാംശമുണ്ടോയെന്നു പരിശോധിക്കാനുള്ള ഐസിപിഎംഎസ് സൗകര്യം കേരളത്തിലാദ്യമായി ഔഷധിയിൽ ഏർപ്പെടുത്തുന്നത് അഭിമാനാർഹമാണെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ് പറഞ്ഞു.

ഔഷധി ആധുനികീകരണ പ്രവൃത്തികളുടെ ഉദ്ഘാടനം നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു മന്ത്രി. പുതുതായി സ്ഥാപിച്ച ഐസിപിഎംഎസ് യൂണിറ്റിൻറെ ഉദ്ഘാടനവും ഔഷധി പഞ്ചകർമ ആശുപത്രി ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് എൻഎബിഎച്ച് അക്രെഡിറ്റേഷൻ ലഭിച്ചതിൻറെ പ്രഖ്യാപനവും മന്ത്രി നിർവഹിച്ചു.

ഔഷധി ചെയർപേഴ്സൺ ശോഭന ജോർജ് അധ്യക്ഷത വഹിച്ചു. ഔഷധി മാനേജിംഗ് ഡയറക്ടർ ഡോ. ടി.കെ. ഹൃദീക് റിപ്പോർട്ട് അവതരിപ്പിച്ചു.

കോർപറേഷൻ കൗൺസിലർ ശ്യാമള വേണുഗോപാലൻ, ഔഷധി ഭരണസമിതിയംഗങ്ങളായ കെ.എഫ്. ഡേവിസ്, കുര്യാക്കോസ് പ്ലാപ്പറന്പിൽ. ഫിനാൻഷ്യൽ കൺട്രോളർ പി. എം. ലതാകുമാരി, ജനറൽ മാനേജർ ഇ. ഷിബു എന്നിവർ പ്രസംഗിച്ചു.



# ഷവോമി ഇന്ത്യ റെഡ്മിയുടെ പുതിയ മോഡൽ 14സി 5ജി അവതരിപ്പിച്ചു




**കൊച്ചി:** മുൻനിര സ്മാർട്ട് ഫോൺ ബ്രാൻഡായ ഷവോമി ഇന്ത്യ, റെഡ്മിയുടെ പുതിയ മോഡൽ 14 സി 5ജി അവതരിപ്പിച്ചു. ജനുവരി 10 മുതൽ എംഐ. ഡോം, ആമസോൺ, ഫ്ലിപ്കാർട്ട്, അംഗീകൃത ഷവോമി റീട്ടെയിൽ ഷോപ്പുകളിൽ എന്നിവയിലുടനീളം ഇവ ലഭ്യമാകും. 4ജിബി+ 64ജിബി വേരിയന്റിന് 9,999 രൂപയും 4ജിബി + 128ജിബി വേരിയന്റിന് 10,999 രൂപയും 6ജിബി + 128ജിബി വേരിയന്റിന് 11,999 രൂപയുമാണ് വില.

അത്യാധുനിക സവിശേഷതകൾ, തടസ്സമില്ലാത്ത പ്രകടനം, അതിവേഗത്തിലുള്ള 5ജി കണക്റ്റിവിറ്റി എന്നിവ നൽകുന്നതിനായി രൂപകൽപ്പന ചെയ്ത മോഡൽ ഇന്ത്യൻ ഉപഭോക്താക്കളുടെ ആവശ്യങ്ങൾക്കനുസൃതമായിട്ടുള്ളതാണ്. നേരത്തെ പുറത്തിറക്കിയ റെഡ്മി നോട്ട് 14 5ജി രണ്ടാഴ്ച്ചക്കുള്ളിൽ ഇന്ത്യൻ വിപണിയിൽ ആയിരം കോടി വിൽപ്പന നേട്ടം കൈവരിച്ചതായും കമ്പനി അധികൃതർ കൊച്ചിയിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഉപഭോക്താക്കളുടെ ബ്രാൻഡിലുള്ള വിശ്വാസത്തിന്റെ തെളിവാണിതെന്നും അവർ പറഞ്ഞു.

17.5 സി.എം (6.88 ഇഞ്ച്) എച്ച്.ഡി പ്ലസ് ഡോട്ട് ഡ്രോപ്പ് ഡിസ്‌പ്ലേയുള്ള മോഡലിന് 600 നിറ്റ്സ് പരമാവധി ബ്രൈറ്റ്നെസ് ഉണ്ട്. സ്ട്രീമിംഗ്, ഗെയിമിംഗ്, ബ്രൗസിംഗ് എന്നിവയ്ക്ക് മികച്ച ദൃശ്യാനുഭവവും വാഗ്ദാനം ചെയ്യുന്നു. നാല് എൻ.എം ആർക്കിടെക്ചറിൽ നിർമ്മിച്ച സ്നാപ്ഡ്രാഗൺ 4 ജെൻ 2 5ജി പ്രോസസർ നൽകുന്ന ഈ ഉപകരണം മികച്ച കാര്യക്ഷമത ഉറപ്പാക്കുന്നുണ്ട്. 12 ജിബി വരെ റാമും 128 ജിബി യു.എഫ്.എസ് 2.2 സ്റ്റോറേജും ഉള്ളതിനാൽ മൾട്ടിടാസ്കിംഗ്, ഗെയിമിംഗ്, ആപ്പ് നാവിഗേഷൻ എന്നിവ എളുപ്പത്തിൽ കൈകാര്യം ചെയ്യാമെന്നതിലും മോഡലിന്റെ പ്രത്യേകതയാണ്. കൂടാതെ, ഒരു റ്റി.ബി വരെ വർദ്ധിപ്പിക്കാവുന്ന മൈക്രോ എസ്ഡി കാർഡ് സ്ലോട്ടുമുണ്ട്. ഏത് ലൈറ്റിംഗ് അവസ്ഥയിലും മികച്ച ഫോട്ടോകൾ പകർത്താൻ സഹായിക്കുന്ന 50 എംപി എ.ഐ ഡ്യുവൽ ക്യാമറ സിസ്റ്റം, 18 വാൾട്ട് ഫാസ്റ്റ് ചാർജിംഗോടുകൂടിയ 5160അവ ബാറ്ററി എന്നിവയും പുതിയ മോഡലിന്റെ പ്രത്യേകതയാണ്. ആൻഡ്രോയിഡ് 14 അടിസ്ഥാനമാക്കിയുള്ള ഷവോമി ഹൈപ്പർ ഒഎസ് പ്രവർത്തിക്കുന്ന ഈ ഉപകരണം രണ്ട് വർഷത്തെ ആൻഡ്രോയിഡ് അപ്ഡേറ്റുകളും നാല് വർഷത്തെ സുരക്ഷാ അപ്ഡേറ്റുകളും വാഗ്ദാനം ചെയ്യുന്ന മികച്ച ഉപയോക്തൃ ഇന്റർഫേസ് നൽകുന്നുണ്ടെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.



# ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജെംസ് ആൻഡ് ജൂവലറി പത്താംവർഷത്തിലേക്ക്

**കൊച്ചി:** സഫാ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജെംസ് ആൻഡ് ജൂവലറി (ഐ.ജി.ജെ). പത്താം വാർഷികത്തിലേക്ക് കടക്കുന്ന. ഒട്ടേറെ പദ്ധതികളുമായാണ് ഐ.ജി.ജെ പ്രവർത്തനം തുടരുന്നത്.

പത്താം വാർഷികത്തിലേക്ക് കടക്കുമ്പോൾ ജൂവലറി മേഖലയെ ആഗോളതലത്തിൽ നവീകരിക്കാനുള്ള പദ്ധതികൾക്ക് രൂപം നല്കുക, അത്യാധുനിക സാങ്കേതികവിദ്യകൾ സമന്വയിപ്പിക്കുക, ആഗോള വിപണിയിലെ കാലാനുസൃതമായി വരുന്ന ആവശ്യങ്ങൾ പരിഹരിക്കുക തുടങ്ങിയവയാണ് ഐ.ജി.ജെ ലക്ഷ്യമിടുന്നതെന്ന് ചെയർമാൻ കെ.ടി.എം.എ സലാം പറഞ്ഞു. ഭാവിയിലേക്ക് വ്യവസായത്തെ നയിക്കാൻ നൈപുണ്യവും പ്രാപ്തിയുമുള്ള പ്രൊഫഷണലുകളുടെ അടുത്ത തലമുറയെ സജ്ജരാക്കുന്നതിനും മേഖലയുടെ നവീകരണത്തെ പ്രോത്സാഹിപ്പിക്കുന്നതിനും ഐ.ജി.ജെ പ്രതിജ്ഞാബദ്ധമാണ്.ജെം ആൻഡ് ജൂവലറി മേഖലയെ ശാക്തീകരിച്ച ഒരു ദശാബ്ദക്കാലത്തെ അനുഭവ സമ്പത്തും ഭാവി വളർച്ചയിലേക്കുവേണ്ടി ശാസ്ത്രീയമായി തയ്യാറാക്കിയിട്ടുള്ള റോഡ് മാപ്പും മുൻനിർത്തി ഇന്ത്യയിലും അന്തർദേശീയമായും ജെം ആൻഡ് ജൂവലറി വ്യവസായരംഗത്ത് മികവിന്റെ കേന്ദ്രമായി ഐ.ജി.ജെ നിലകൊള്ളുമെന്നും അദ്ദേഹം പറഞ്ഞു.




# ബോഡികെയർ ഐ.എഫ്.എഫ് ഫാഷൻ എക്സ്പോയ്ക്ക് കൊച്ചിയിൽ തുടക്കമായി

**കൊച്ചി:** കേരളത്തിലെ ഏറ്റവും വലിയ ബി.ടു.ബി ഫാഷൻ ഷോ ആയ ബോഡികെയർ ഐ.എഫ്.എഫ് (ഇന്ത്യൻ ഫാഷൻ ഫെയർ) എക്സ്പോ 2025ന് കൊച്ചിയിൽ തുടക്കമായി. അങ്കമാലി എംഎൽഎ റോജി എം ജോൺ എക്സ്പോ ഉദ്ഘാടനം ചെയ്തു. പൊതുമരാമത്ത്, ടൂറിസം വകുപ്പുകളുടെ മന്ത്രി മുഹമ്മദ് റിയാസ് ഓൺലൈൻ ആയി ചടങ്ങിൽ പങ്കെടുത്തു. ഐ.എഫ്.എഫ് ഫാഷൻ എക്സ്പോയുടെ മൂന്നാം പതിപ്പാണ് ഇത്തവണ അങ്കമാലിയിലുള്ള അഡ്‌ലക്സ് അന്താരാഷ്ട്ര കൺവെൻഷൻ സെന്ററിൽ നടക്കുന്നത്. ശീമാട്ടി ടെക്സ്റ്റൈൽസ് സിഇഒ ബീന കണ്ണൻ ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്തു.

കോവിഡിന് ശേഷം സംസ്ഥാനത്തെ വസ്ത്രവിപണിയെ കൈപിടിച്ചുയർത്തുന്നതിൽ ഐ.എഫ്.എഫ് എക്സ്പോയുടെ പ്രാധാന്യം മന്ത്രി മുഹമ്മദ് റിയാസ് ചൂണ്ടിക്കാട്ടി. സംരംഭകർക്കും വ്യവസായികൾക്കും പുതിയ വിപണികൾ കണ്ടെത്താനും ചെറുകിട വില്പനക്കാർക്ക് ആവശ്യമായ പിന്തുണ ലഭിക്കാനും ഇത്തരം എക്സ്പോകൾ സഹായിക്കുമെന്ന് അദ്ദേഹം പറഞ്ഞു.200ലേറെ പ്രദർശന സ്റ്റാളുകളും 5,000ത്തിലധികം പ്രതിനിധികളുമാണ് ഇത്തവണ എക്സ്പോയിൽ പങ്കെടുക്കുന്നത്. രാജ്യത്തെ മുൻനിര ബ്രാൻഡുകളും എക്സ്പോയിൽ പങ്കെടുക്കാനെത്തിയതോടെ, കേരളത്തിലേക്ക് ദേശീയശ്രദ്ധ കൈവന്നിരിക്കുകയാണ്. ബ്ലോസം, മംസ് കെയർ, പാർ സ്വം, ബാങ്ക്ടേഷ് തുടങ്ങിയ സ്ഥാപനങ്ങളാണ് എക്സ്പോയ്ക്ക് പിന്തുണ നൽകുന്നത്.രണ്ടാം ദിവസമായ ഇന്ന് നടക്കുന്ന ഐ.എഫ്.എഫ് അവാർഡ് നൈറ്റ് ഹൈബി ഈഡൻ എം.പി ഉദ്ഘാടനം ചെയ്യും. അവസാന ദിവസമായ ജനുവരി 9ന് നടക്കുന്ന കലാ,സാംസ്കാരിക പ്രകടനങ്ങളോടെ ഇക്കൊല്ലത്തെ പതിപ്പിന് തിരശീല വീഴും.ഇന്ത്യൻ ഫാഷൻ ഫെയർ ചെയർമാൻ സാദിക്ക് പിപി, എക്സ്പോയുടെ പ്രോഗ്രാം ഡയറക്ടർ ഷഫീക് പിവി, ജോയിന്റ് കൺവീനർ ഷാനവാസ് പിവി, കൺവീനർ സമീർ മൂപ്പൻ, വൈസ് ചെയർമാൻ ഷാനിർ ജെ, 'പ്രിൻസ് പാട്ടുപ്പാവാട' യുടെ മാനേജിങ് ഡയറക്ടർ നവാബ് ജാൻ, 'നമ്പർ വൺ വെഡിങ് കളക്ഷന്റെ' മാനേജിങ് ഡയറക്ടർ ജോൺസൻ, 'ചാരുത സിൽക്സി'ലെ മാനേജിങ് ഡയറക്ടർ അഷ്‌റഫ് കല്ലേലിൽ, 'സ്വയംവര സിൽക്സി'ന്റെ മാനേജിങ് ഡയറക്ടർ ശങ്കരൻ കുട്ടി, ടൈറ്റിൽ സ്പോൺസറായ 'ബോഡികെയറി'ന്റെ മാനേജിങ് ഡയറക്ടർ ഹേമന്ത് കുമാർ ജയ്സ്വാൾ തുടങ്ങിയവർ പങ്കെടുത്തു.

Liva®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives!




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LIVA KITCHENS & INTERIORS — TRUSTED since 2007 — 15 YEAR GUARANTEE — 100% GUARANTEED — ISO 9001 CERTIFIED — LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663